www.societytodaynews.com

2024 SEPTEMBER
23
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## 1,000 കോടി രൂപയുടെ അത്യാഡംബര വിമാനം സ്വന്തമാക്കി അംബാനി



**ന്യൂഡൽഹി:** അത്യാഡംബര പ്രൈവറ്റ് ജെറ്റ് സ്വന്തമാക്കി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി. ഇന്ത്യയിൽ ഇതു വരെ ഒരു വ്യക്തിയും സ്വന്തമാക്കിയിട്ടില്ലാത്ത 1000 കോടി രൂപ വില മതിക്കുന്ന ബോയിങ് 737 മാക്സ് 9 വിമാനമാണ് അംബാനി നേടിയത്. 9 ജെറ്റ് വിമാനങ്ങൾക്കു പുറമേയാണ് പുതിയൊരു ജെറ്റ് കൂടി അംബാനി വാങ്ങിയത്. അംബാനിയുടെ പ്രത്യേക നിർദേശങ്ങൾ പ്രകാരം അനവധി മോടി പിടിപ്പിക്കലും പരീക്ഷണ പറക്കലും നടത്തിയ ശേഷമാണ് വിമാനം ഇന്ത്യയിലേക്കെത്തിച്ചത്. സ്വിറ്റ്സർലണ്ടിൽ നിന്ന് ബാസൽ, ജനീവ, ലണ്ടൻ, ലുട്ടൻ വിമാനത്താവളത്തിലേക്കാണ് പരീക്ഷണപ്പറക്കൽ നടത്തിയത്. ബാസലിൽ നിന്നാണ് വിമാനം ഡൽഹിയിലെത്തിയത്. 9 മണിക്കൂർ കൊണ്ട് 6234 കിലോമീറ്റർ ദൂരമാണ് വിമാനം സഞ്ചരിച്ചത്. 118.5 മില്യൺ ഡോളറാണ് വിമാനത്തിൻറെ അടിസ്ഥാന വില. മോടി പിടിപ്പിക്കൽ അടക്കം വില 1000 കോടിയിൽ എത്തും. വലിയ ക്യാബിൻ, വലിയ ലഗേജ് സ്പേസ് എന്നിവ വിമാനത്തിനുണ്ട്.

## അന്തരിച്ച സിപിഎം നേതാവ് എം.എം.ലോറൻസിന്റെ ഭൗതികശരീരം വൈദ്യ പഠനത്തിന്



**കൊച്ചി:** അന്തരിച്ച മുതിർന്ന സിപിഎം നേതാവ് എം.എം.ലോറൻസിന്റെ മൃതദേഹം മെഡിക്കൽ വിദ്യാർഥികളുടെ പഠനത്തിനായി വിട്ടുനൽകും. ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിയോടെയാണ് ലോറൻസ് (95) കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചത്. തിങ്കളാഴ്ച രാവിലെ ആശുപത്രിയിൽ നിന്ന് ഗാന്ധി നഗറിലുള്ള വീട്ടിലെത്തിക്കുന്ന ഭൗതികശരീരം സിപിഎം ജില്ലാ കമ്മിറ്റി ഓഫിസായ ലെനിൻ സെന്ററിലെത്തിക്കും. രാവിലെ 9 മുതൽ എറണാകുളം ടൗൺ ഹാളിൽ പൊതുദർശനമുണ്ടാകും. വൈകിട്ട് നാലിന് ഭൗതികശരീരം എറണാകുളം ഗവ. മെഡിക്കൽ കോളജിന് കൈമാറും.

വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ലോറൻസിനെ ഇടക്കിടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. സിപിഎം കേന്ദ്ര കമ്മിറ്റിയംഗം, സിഐടിയു ദേശീയ വൈസ് പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്. 1980 ൽ ഇടുക്കിയിൽ നിന്ന് ലോക്സഭാംഗമായി.

ഭാര്യ പരേതയായ ബേബി. മക്കൾ: അഡ്വ. എം.എൽ.സജീവൻ, സുജാത, അഡ്വ. എം.എൽ. അബി, ആശാ ലോറൻസ്.

## യുഎസ് സഹകരണത്തോടെ ആദ്യ ദേശീയ സുരക്ഷ സെമികണ്ടക്ടർ ഫാബ്രിക്കേഷൻ പ്ലാന്റ്

**വാഷിങ്ടൻ :** യുഎസിന്റെ സഹകരണത്തോടെ ഇന്ത്യയിൽ ആദ്യ ദേശീയ സുരക്ഷ സെമികണ്ടക്ടർ ഫാബ്രിക്കേഷൻ പ്ലാന്റ് സ്ഥാപിക്കാൻ ധാരണ. യുഎസ് സൈന്യത്തിനും സഖ്യകക്ഷികൾക്കും ഇന്ത്യൻ സൈന്യത്തിനും ആവശ്യമായ ചിപ്പുകൾ നിർമിച്ച് കൈമാറുന്ന ഫാബ്രിക്കേഷൻ പ്ലാന്റ് 2025 ഓടെ സ്ഥാപിക്കാനാണ് യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായത്.

‘ശക്തി’ എന്ന് പ്ലാന്റിന് പേരിടും. ഇൻഫ്രാറെഡ്, ഗാലിയം നൈട്രൈഡ്, സിലിക്കോൺ കാർബൈഡ് സെമി കണ്ടക്ടറുകളുടെ ഉത്പാദനമാണ് പ്ലാന്റിൽ നടക്കുക. ഭാരത് സെമി, ഇന്ത്യൻ യുവ സംരംഭകരായ വിനായക് ഡാൽമിയ, വൃന്ദ കപൂർ എന്നിവരുടെ സ്റ്റാർട്ടപ്പായ തേർഡ് ഐടെക്, യുഎസ് സ്പേസ് ഫോഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പ്ലാന്റ് നിർമിക്കുക.



ഇന്തോപസിഫിക് ഇക്കണോമിക് ഫ്രെയിംവർക്കിന്റെ (ഐപിഇഎഫ്) ഭാഗമായി മൂന്ന് കരാറുകളിലും ഇന്ത്യയും യുഎസും ഒപ്പുവച്ചു. സുതാര്യ സമ്പദ് വ്യവസ്ഥ, ന്യായ സമ്പദ് വ്യവസ്ഥ, ആഗോള ഉന്നമനം എന്നിവ ലക്ഷ്യമിട്ടുള്ള കരാറുകളിലാണ് ഒപ്പുവച്ചത്. ഇന്ത്യയിൽനിന്ന് കടത്തിക്കൊണ്ടുപോയ 297 പ്രാചീന ശില്പങ്ങളുൾപ്പെടെയുള്ള നിർമിതികളും യുഎസ് ഇന്ത്യയ്ക്ക് കൈമാറി. ഡെലാവറിലെ ഇന്ത്യൻ സമൂഹവുമായി മോദി കൂടിക്കാഴ്ച നടത്തി.

## 297 പുരാവസ്തുക്കൾ യുഎസ് ഇന്ത്യക്ക് തിരികെ നൽകി

**ന്യൂഡൽഹി:** വിവിധ കാലങ്ങളിലായി കള്ളക്കടത്തുകാരും മോഷ്ടാക്കളും ചേർന്ന് കടത്തിയ 297 പുരാവസ്തുക്കൾ യുഎസ് ഇന്ത്യയ്ക്കു തിരികെ നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുഎസ് സന്ദർശനത്തിലാണ് ഇവ കൈമാറാൻ ധാരണ.

സാംസ്കാരിക പ്രാധാന്യമുള്ള സാമഗ്രികൾ കൈമാറുന്നതിനു യുഎസ് പ്രസിഡന്റ് ജോ ബൈഡനോടു മോദി നന്ദി പറഞ്ഞു. 2014ൽ മോദി അധികാരത്തിലെത്തിയശേഷം പുരാതന വിഗ്രഹങ്ങളടക്കം പുരാവസ്തു പ്രാധാമ്യമുള്ള 640 സാമഗ്രികൾ തിരികെ ലഭിച്ചതായി അധികൃതർ അറിയിച്ചു. ഇതിൽ 578ഉം യുഎസിൽ നിന്നാണ്.

1011 നൂറ്റാണ്ടിനിടയിൽ മണൽക്കല്ലിൽ നിർമിച്ച അപ്സര വിഗ്രഹം, 1516 നൂറ്റാണ്ടുകളിലെ വെങ്കല നിർമിത ജൈന തീർഥങ്കരൻ, 34 നൂറ്റാണ്ടുകൾക്കിടയിലെ കളിമൺ പാത്രം, 17 18 നൂറ്റാണ്ടുകളിൽ നിർമിക്കപ്പെട്ട ഗണപതി വിഗ്രഹം, കിഴക്കൻ ഇന്ത്യയിൽ നിന്നുള്ള വിഷ്ണു വിഗ്രഹം, ബുദ്ധ വിഗ്രഹം തുടങ്ങിയവയാണു യുഎസ് കൈമാറുന്നത്.ബ്രിട്ടിഷ് ഭരണകാലത്ത് ഉൾപ്പെടെ ഏറ്റവും കൂടുതൽ പുരാവസ്തുക്കൾ കടത്തിയിട്ടുള്ളത് യുകെയിലേക്കാണ്. ഇവിടെ നിന്ന് 16 പുരാവസ്തുക്കൾ തിരികെ നൽകി. ഓസ്ട്രേലിയ 40 പുരാവസ്തുക്കൾ തിരികെ നൽകിയിരുന്നു

## കിലോയ്ക്ക് 600 കടന്ന് കാന്താരി വില



**കൊച്ചി:** നമ്മുടെ പലരുടേയും വീടുകളിൽ യാതൊരു പരിചരണവുമില്ലാതെ വളർന്നു നിൽക്കുന്ന ഒരു അവശ്യവസ്തുവാണ് കാന്താരി മുളക്. ഇന്ന് സൗകര്യങ്ങൾ കൂടിയപ്പോൾ സ്ഥലവും കുറഞ്ഞു. കാന്താരി മുളകിൻറെ ലഭ്യതയും കുറഞ്ഞു. ഇതോടെ കാന്താരി മുളകിൻറെ വില കുതിച്ചുയരുകയാണ്. കിലോയ്ക്ക് 600 രൂപയാണ് വില. കാന്താരിയുടെ ലഭ്യത കുറഞ്ഞതാണ് വില കുതിച്ചുയരാൻ കാരണം. രണ്ടുമാസം മുൻപ് പച്ചക്കാന്താരിക്ക് ആയിരത്തിനുമുകളിലായിരുന്നു വില.

കാന്താരി മുളക് ഉണക്കി വിദേശത്തേക്ക് കയറ്റി അയക്കാൻ തുടങ്ങിയതോടെയാണ് ഡിമാൻറ് കൂടിയത്. വിദേശമലയാളികളാണ് അവധിക്കുവന്നുപോകുമ്പോൾ സ്വന്തമാവശ്യത്തിനും സുഹൃത്തുക്കൾക്കും നൽകാൻ വലിയ അളവിൽ കാന്താരി ഉണക്കി കൊണ്ടുപോകുന്നത്. ഉണങ്ങിയ കാന്താരിമുളക് പായ്ക്കറ്റിലും ലഭ്യമാണ്.

വെള്ളകാന്താരിയേക്കാൻ വിലയും ഡിമാൻറും പച്ചക്കാന്താരി മുളകിനാണ്. രാസവസ്തു സാന്നിധ്യം കുറവാണെന്നതും ഉണക്കി ദീർഘ കാലം സൂക്ഷിക്കാമെന്നതും കാന്താരിയോടുള്ള പ്രിയം വർധിപ്പിച്ചു. കാന്താരി അച്ചാറിനും കാന്താരി ഉപ്പിലിട്ടതിനും ആവശ്യക്കാരേറെയാണ്.





## ശ്രീനാരായണ ഗുരുദേവ മഹാസമാധി ദിനാചരണം

**കൊച്ചി:** ശ്രീനാരായണ ധർമ  സമാജം അയ്യപ്പൻകാവ്, എസ് എൻ ഡി പി യോഗം ശാഖ 1484 പച്ചാളം, എസ് എൻ ഡി പി യോഗം ശാഖ 1402 എറണാകുളം ടൗൺ , എസ് എൻ ഡി പി യോഗം ശാഖ 4321 പച്ചാളം നോർത്ത്, ശ്രീ അയ്യപ്പസേവാ സഹകരണ സംഘം എന്നീ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ മഹാസമാധി ദിനാചരണം ഗുരുപൂജ, സമൂഹ പ്രാർഥന, ഉപവാസം തുടങ്ങിയ ചടങ്ങുകളോടെ ആചരിച്ചു. പനങ്ങാട് സെന്റ്.ആന്റണീസ് ചർച്ച് പാരിഷ് പ്രീസ്റ്റ് ഫാ. വില്യം നെല്ലിക്കൽ ഉപവാസം ഉദ്ഘാടനം ചെയ്തു.ആത്മീയത വളരുന്നത് പ്രാർഥനയിലും ഉപവാസത്തിലൂടെയുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എല്ലാവരുടെയും ഈശ്വരൻ ഒന്നാണെന്നും വിശ്വാസം നന്മയിലേക്ക് നയിക്കുന്നുവെന്നും പഠിപ്പിച്ചത് ഗുരുദേവനാണെന്ന് അദ്ദേഹം പറഞ്ഞു.അയ്യപ്പൻകോവിൽ ക്ഷേത്രം മേൽശാന്തി പി.എ സുധിയുടെ മുഖ്യ കാർമികത്വത്തിൽ ഗുരുപൂജ നടന്നു. ശ്രീനാരായണ ധർമ്മ സമാജം പ്രസിഡന്റ് സി.എം ശോഭനൻ, സെക്രട്ടറി പി.ഐ രാജീവ്, ശാഖാ പ്രസിഡൻറ് വി.പി സീമന്തിനി, സെക്രട്ടറി പ്രദീപ് നാരായണൻ, വി.എസ് റോയി, വി.പി ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.



## ഗുരുദേവ മഹാസമാധി ദിനം ആചരിച്ചു

**തൃശൂർ:**  എസ്.എൻ.ഡി.പി യോഗം തൃശൂർ യൂണിയൻ 97 മത് ശ്രീനാരായണ ഗുരുസമാധി ദിനാചരണം തൃശൂർ തെക്കേ ഗോപുര നടയിലെ പന്തലിൽ രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ ഉപവാസവും സമൂഹ പ്രാർത്ഥനയും നടത്തി ആചരിച്ചു എസ്.എൻ.ഡി.പി യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ. വി സദാനന്ദൻ അധ്യക്ഷത വഹിച്ചു . റിട്ട. ഡി.വൈ.എസ്.പി യും കരുണ ഫൌണ്ടേഷൻ ചെയർമാനുമായ ഡോ. കെ. ബി. സുരേഷ് സമാധി ദിനാചരണം ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് ഐ.ജി പ്രസന്നൻ സ്വാഗതവും യൂണിയൻ സെക്രട്ടറി കെ.വി വിജയൻ നന്ദിയും പറഞ്ഞു. വൈസ് പ്രസിഡന്റ് ടി. ആർ രഞ്ജു, കേന്ദ്ര വനിതാ സംഘം സെക്രട്ടറി അഡ്വ. സംഗീത വിശ്വനാഥൻ, എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗം എൻ.വി രഞ്ജിത്ത്, യൂണിയൻ കൗൺസിലർമാരായ മോഹൻ കുന്നത്ത്, പി.വി വിശ്വേശ്വരൻ, കെ. ആർ ഉണ്ണികൃഷ്ണൻ, കെ.കെ ഭഗീരഥൻ, എൻ. വി മോഹൻദാസ്, പി.കെ കേശവൻ, വനിതാസംഘം ഭാരവാഹികളായ പദ്മിനി ഷാജി, എം. ആർ രാജശ്രീ, ഗീത, ശാഖ ഭാരവാഹികളായ വേലപ്പക്കുട്ടി കൊല്ലാറ സമൂഹപ്രർത്ഥനക്ക് നേതൃത്വം നൽകി. കാര്യാട്ടുകര ഗുരുദേവ ഭജൻസിന്റെ ഭജനയും ഉണ്ടായിരുന്നു . വിവിധ ശാഖകളിലെ ഭാരവാഹികൾ, എസ്.എൻ.ഡി.പി യോഗം മെമ്പർമാർ എന്നിവർ പങ്കെടുത്തു



ശ്രീനാരായണ ഗുരു സമാധി ദിനത്തോടനുബന്ധിച്ചു നാട്ടിക എസ് എൻ ഡി പി യൂണിയൻ പ്രസിഡന്റ് ഉണ്ണികൃഷ്ണൻ തഷ്ണാത്തിന്റെ നേതൃത്വത്തിൽ വിവിധ ശാഖകളെ ഒരുമിപ്പിച്ചു പ്രത്യേക ഗുരുപൂജ നടത്തിയപ്പോൾ.



# ഗുരുദേവൻ അവതാരപുരുഷൻ

**കൊച്ചി:** ഒരു ജീവിതമാകെ ലോക നന്മയ്ക്കുവേണ്ടി സമർപ്പിച്ച അവതാരപുരുഷനായിരുന്നു ശ്രീനാരായണഗുരുദേവനെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഗുരുദേവനെ ഈശ്വരനായി ആരാധിക്കുന്നത് തികച്ചും ഉചിതമാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീനാരായണഗുരുദേവന്റെ 97 മത് മഹാസമാധി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം സഹോദര സൗധത്തിൽ ശ്രീനാരായണ സേവാസംഘം സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. പ്രൊഫ. എം.കെ. സാനു മഹാസമാധിദിന സന്ദേശം നൽകി.

ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ അധ്യക്ഷത വഹിച്ചു. സംഘം സെക്രട്ടറി പി.പി. രാജൻ, ഡോ. എം.പി. ദിലീപ്, ഡോ. ടി.പി. സരസ എന്നിവർ പ്രസംഗിച്ചു.

അരൂർ വിപഞ്ചിക ഓർക്കസ്ട്രയുടെ ഗുരുദേവ ഗാനാമൃതവും തുടർന്ന് സ്വാമി ഗുരുപ്രസാദിൻറെ പ്രഭാഷണവും ശാന്തിഹവനവും നടന്നു.



## ഇ.എസ് എ  ജനവാസ മേഖലയെ ഒഴിവാക്കിയ മാപ്പ് ഉടൻ പ്രസിദ്ധീകരിക്കണം: മാർ റെമിജിയോസ് ഇഞ്ചനാനിയിൽ

**കോഴിക്കോട്:** ജനവാസമേഖലകൾ ഒഴിവാക്കിയ ഇഎസ്ഐ മാപ്പ് ഉടൻ ഉടൻ പ്രസിദ്ധീകരിക്കണമെന്ന് കാതോലിക്ക കോൺഗ്രസ് ബിഷപ് ലെഗേറ്റ് മാർ റെമി ജിയോസ് ഇഞ്ചനാനിയിൽ ആവശ്യപ്പെട്ടു. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇ എസ് എ സംബന്ധമായി കേന്ദ്രത്തിന് സമർപ്പിക്കുവാൻ സംസ്ഥാനം തയ്യാറാക്കിയിരിക്കുന്ന ജിയോ കോഡിനേറ്റ് ഉള്ള മാപ്പിൽ ജനവാസ മേഖലകൾ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്ന മാപ്പ് ജനങ്ങൾക്ക് പരിശോധിക്കുവാനും കരട് വിജ്ഞാപനത്തിനെതിരെ പൊതുജനങ്ങൾക്ക് പരാതികൾ സമർപ്പിക്കുവാനും അടിയന്തരമായി ഡൈവേഴ്സിറ്റി ബോർഡിൻറെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനും പൊതു ജനങ്ങൾക്ക് പരാതികൾ സമർപ്പിക്കുവാൻ ആവശ്യമായ 60 ദിവസങ്ങൾ നൽകുവാനും നൽകുവാനും സത്വര നടപടികൾ സ്വീകരിക്കണം. വില്ലേജുകളുടെ പേരിൽ ഇഎസ്ഐ പ്രഖ്യാപനം എന്നത് ഒഴിവാക്കി വാർഡ് അടിസ്ഥാനത്തിൽ വനമേഖലയെ തിട്ടപ്പെടുത്തി ജിയോ കോഡിനേറ്റ് മാപ്പ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുവാനും അന്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ 10 വർഷമായി മാറി വരുന്ന സർക്കാരുകളുടെ അലംഭാവ നയംമൂലം ജനങ്ങൾ നേരിടുന്ന ഈ വലിയ പ്രതിസന്ധിയിൽ കത്തോലിക്ക കോൺഗ്രസ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ശക്തമായ പ്രതിഷേധ പരിപാടികൾ നടത്തുവാൻ കത്തോലിക്ക കോൺഗ്രസ് സമ്മേളനം തീരുമാനിച്ചു.കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച പ്രതിഷേധ സംഗമത്തിൽ ജനറൽ സെക്രട്ടറി ഡോ ജോസ്കുട്ടി ജെ ഒഴുകയിൽ,താമരശ്ശേരി രൂപത പ്രസിഡൻറ് ഡോ ചാക്കോ കാളാംപറമ്പിൽ,ഫാ സബിൻ തൂമുള്ളിൽ,അഡ്വ ടോണി പുഞ്ചക്കുന്നേൽ,ട്രീസാ ലിസ് സെബാസ്റ്റ്യൻ ,രാജേഷ് ജോൺ ബെന്നി ആൻറണി ഡോ കെ പി ഷാജു ,ഷാജി കണ്ടത്തിൽ, സജി കരോട്ട് ജോസഫ് മൂത്തേടത്ത് ഷാന്റോതകിയേൽ, ഡോ.അൽഫോൻസാ വിൻസൻറ് പൊട്ടനാനിക്കൽ ബേബി കിഴക്കേഭാഗം തുടങ്ങിയവർ പ്രസംഗിച്ചു

## സൗത്ത് സോൺ ജൂഡോ: സഹോദരങ്ങൾക്ക് സുവർണ നേട്ടം

**കൊച്ചി:** മഹാരാഷ്ട്ടയിലെ ഷിർദിയിൽ നടന്ന സിബിഎസ്ഇ സൗത്ത് സോൺ ജൂഡോ ചാമ്പ്യൻഷിപ്പിൽ സ്വർണംനേടി സഹോദരങ്ങൾ. കാക്കനാട് രാജഗിരി ക്രിസ്തുജയന്തി സ്കൂളിലെ വിദ്യാർഥികളും സഹോദരങ്ങളുമായ റൊവാൻ മരിയ, വർഗീസ് രാജൻ എന്നിവർക്കാണ് നേട്ടം. 11ാം ക്ലാസ് വിദ്യാർഥിനിയായ റൊവാൻ മരിയ അണ്ടർ 17 പെൺകുട്ടികളുടെ 48 കി.ഗ്രാം വിഭാത്തിലും, എട്ടാം ക്ലാസ് വിദ്യാർഥിയായ വർഗീസ് രാജൻ അണ്ടർ 14 ആൺകുട്ടികളുടെ 45 കി.ഗ്രാം വിഭാഗത്തിലുമാണ് സ്വർണമെഡൽ നേടിയത്. സഹോദരിയും ഇന്റർനാഷണൽ താരവുമായ സൊലസ് മരിയയാണ് ഇരുവരെയും പരിശീലിപ്പിക്കുന്നത്. തൃപ്പൂണിത്തുറയിലെ ഇന്റർനാഷണൽ മാർഷ്യൽ ആർട്സ് അക്കാദമിയിലാണ് പരിശീലനം.



## വന്യജീവി വാരാഘോഷം: ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ടിനും മൂന്നിനും

**തിരുവനന്തപുരം:** വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വിദ്യാർഥികൾക്കായുള്ള ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിലായി വകുപ്പിന്റെ രാജീവ് ഗാന്ധി നഗർ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിലെ ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രത്തിൽ നടക്കും.

ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർഥികൾക്കായി പ്രകൃതിയേയും, വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും, സർക്കാർ അംഗീകൃത ഹൈസ്കൂൾ/ ഹയർസെക്കന്ററി സ്കൂൾ/ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്, ഉപന്യാസം (മലയാളം, ഇംഗ്ലീഷ്), പ്രസംഗം (മലയാളം), പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ജില്ലാതല മൽസരങ്ങൾ സംഘടിപ്പിക്കും.

സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള മത്സരാർഥികളെ മാത്രമേ മത്സരത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. പൊതുജനങ്ങൾക്കായി സംസ്ഥാനതലത്തിൽ പോസ്റ്റർ ഡിസൈനിംഗ് മൽസരവും സംഘടിപ്പിക്കുന്നുണ്ട്.

മൽസരങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്കൂൾ/ കോളേജ് മേധാവികളിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിൽ മത്സരങ്ങൾ തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി രജിസ്ട്രേഷൻ കൗണ്ടറിൽ രജിസ്റ്റർ ചെയ്യേണ്ടതും, സമയക്രമം അനുസരിച്ച് സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിലെ ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് : 0471 2360462, 9447979135.

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി; സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിൽ നടത്തുന്ന രണ്ടു വർഷത്തെ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 24 മുതൽ 30 വരെയുള്ള തീയതികളിൽ അതാതു സ്ഥാപനങ്ങളിൽ വച്ച് നടത്തുന്നതാണ്. അപേക്ഷകർ www.polyadmission.org/gifd എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തിയും, പുതുതായി അപേക്ഷ ക്ഷണിച്ചു കൊണ്ടും സ്ഥാപനാടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 30 നുള്ളിൽ നടത്തുന്നതാണ്.



ചാവറ കൾച്ചറൽ സെന്ററിൽ ഡോ .എച്ച് . സദാശിവൻ പിള്ളയുടെ നാടക സമാഹാരമായ യമനം ടി.എം.എബ്രഹാം പ്രകാശനം ചെയ്യുന്നു. സി.പി. വേണു, ഡോ .എച്ച് .സദാശിവൻ പിള്ള ,വൈക്കം മുരളി ,ആർ.എസ്.കുറുപ്പ്, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. എന്നിവർ സമീപം.

## നാടക സമാഹാരം യമനം പ്രകാശനം ചെയ്തു

**കൊച്ചി:** എഴുതപ്പെടുന്ന നാടകം പൂർണമാകുന്നത് രംഗവേദിയിയിലാണ്, അപ്പോഴാണ് നമ്മുടെ സംസ്കാരം പ്രോജ്വലിപ്പിക്കാൻ സാധിക്കുന്നതെന്നും നാടകകൃത്തും സംവിധായകനുമായ ടി.എം.എബ്രഹാം അഭിപ്രായപ്പെട്ടു. പ്രേക്ഷകന് നാടകം കാണുവാൻ പരിശീലനം വേണമെന്നും ക്ഷമയോടെ നാടകത്തെ ആസ്വദിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചാവറ കൾച്ചറൽ സെന്ററിൽ ഡോ .എച്ച് .സദാശിവൻ പിള്ളയുടെ നാടക സമാഹാരമായ യമനം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., അധ്യക്ഷത വഹിച്ചു.യൂറോപ്യൻ നാടകങ്ങളുടെ വായന , ഈ നാടക സമാഹാരത്തിന് സ്വാധീനമായിട്ടുണ്ടെന്നും ജനങ്ങളിൽ നാടകങ്ങൾക്ക് ഇന്നും വലിയ ഇടമുണ്ടെന്നും പുസ്തകം സ്വീകരിച്ചുകൊണ്ട് വൈക്കം മുരളി പറഞ്ഞു. ആർ.എസ്.കുറുപ്പ്, സി.പി. വേണു, ജയകുമാർ കലൂർ, ഡോ.എച്ച്. സദാശിവൻ പിള്ള എന്നിവർ പ്രസംഗിച്ചു.

## വൈദ്യുത ഊർജ്ജ ചെലവുകളും കാർബൺ ഫൂട്ട് പ്രിന്റും കുറയ്ക്കാൻ കിയാലിന്റെ 4 മെഗാ വാട്ട് സോളാർ പ്രോജക്ട് ഒരുങ്ങുന്നു

**കണ്ണൂർ:** അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഊർജ്ജ ചെലവും പാരിസ്ഥിതികാഘാതവും കുറയ്ക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 4 മെഗാ വാട്ട് സോളാർ പ്രോജക്ട് ഒരുങ്ങുന്നു. എയർപോർട്ടിന്റെ വൈദ്യുതി ഉപഭോഗ ചെലവുകളും കാർബൺ ഫൂട്ട് പ്രിന്റും കുറയ്ക്കാൻ സഹായകമാകുന്ന പ്രോജക്ടാണ് ഇത്.

രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ വൈദ്യുതി ലഭ്യമാക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ ബാഹ്യ വൈദ്യുതി സ്രോതസുകളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായിക്കും. വിമാനത്താവളത്തിന്റെ കാർ പാർക്കിംഗ് ഏരിയയിലും സമീപ പ്രദേശങ്ങളിലുമാണ് സോളാർ പ്രോജക്ട് സ്ഥാപിക്കുവാൻ ഒരുങ്ങുന്നത്. പാർക്കിംഗ് സ്ഥലങ്ങൾക്കു മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുക വഴി വിമാനത്താവളത്തിന്റെ സേവന നിലവാരം വർദ്ധിപ്പിക്കുവാനും സൗകര്യം മെച്ചപ്പെടുത്താനും സാധിക്കും. ഈ സാമ്പത്തിക വർഷത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതി മുഖേന വിമാനത്താവളത്തിന് ഗണ്യമായ സാമ്പത്തിക ലാഭം ഉണ്ടായേക്കുമെന്നാണ് കണക്കുകൂട്ടുന്നത്.

ഈ സംരംഭം വ്യോമയാന മേഖലയിൽ ഹരിത ഊർജ്ജം സ്വീകരിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുമെന്നും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവും പാരിസ്ഥിതിക ബോധവും കൂടുതൽ ബലപ്പെടുത്തുമെന്നുമുള്ള ശുഭാപ്തി വിശ്വാസത്തിലാണെന്നും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മാനേജിങ് ഡയറക്ടർ അറിയിച്ചു.

## വിഴിഞ്ഞം തുറമുഖത്ത് ഒരേ സമയം രണ്ടു കപ്പലുകൾ; അടുത്ത രണ്ടാഴ്ച തുടർച്ചയായി കപ്പലുകൾ എത്തുമെന്ന് വിവരം



**വിഴിഞ്ഞം:** ട്രയൽ റൺ പുരോഗമിക്കുന്ന വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യമായി ഒരേ സമയം രണ്ടു കണ്ടെയ്നറുകൾ തങ്ങിയത് ശ്രദ്ധേയമായി. എംഎസ്സി തവിഷി എന്ന് കണ്ടെയ്നർ ബർത്തിൽ തുടരുകയാണ്. ഇതിനു പുറമെ എംഎസ്സി ഐറ ഇന്നലെ വൈകിട്ട് എത്തി. അടുത്ത രണ്ടാഴ്ചകളിൽ ഇവിടേക്ക് തുടർച്ചയായി കപ്പലുകൾ എത്തുമെന്നാണ് വിവരം.

ലോകോത്തര ഷിപ്പിങ് കമ്പനി എംഎസ്സി ഇവിടേക്ക് കപ്പലുകളുടെ വലിയ നിര തന്നെ ഒരുക്കുന്നതായാണ് സൂചന.ട്രയൽ റൺ ആയതിനാൽ തിരക്കു കൂട്ടാതെയും കുറ്റമറ്റ രീതിയിലുമുള്ള കണ്ടെയ്നർ നീക്കത്തിനാണ് തുറമുഖ അധികൃതരുടെ ശ്രമം.ഇതുവരെ അടുത്തതിൽ നീളം കൂടിയ കണ്ടെയ്നർ ഭീമൻ എംഎസ്സി അന്ന അടുത്ത ആഴ്ച ഇവിടെ എത്തുകയാണ്.

399.9 മീറ്റർ നീളവും 58.6 മീറ്റർ വീതിയുമാണ് എംഎസ്സി അന്നയ്ക്കുള്ളത്. കഴിഞ്ഞ 13ന് ഇവിടെ എത്തിയ എംഎസ്സി ക്ലോഡ് ഗ്രാർഡെറ്റ് ആയിരുന്നു ഇവിടെ ഇതുവരെ അടുത്തതിൽ ഭീമൻ. നീളം 399 മീറ്റർ. എംഎസ്സി അന്നയെ കൂടാതെ 25ന് എംഎസ്സി പലേർമോ എന്ന കണ്ടെയ്നറും എത്തും.

## ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ നിർമിക്കാനുള്ള കരാറും ബെമ്‌ലിന്

**കഞ്ചിക്കോട്:** കാര്യക്ഷമതയില്ലെന്നു ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണ നടപടികളുമായി നീങ്ങുന്നതിനിടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബെമ്‌ൽ) വന്ദേഭാരത് സ്ലീപ്പർ കോച്ചിനു പിന്നാലെ രാജ്യത്തെ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ നിർമിക്കാനുള്ള കരാറും സ്വന്തമാക്കി. ഇന്ത്യയിൽ ആദ്യമായി നിർമിക്കുന്ന മുംബൈ, അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽവേ ബുള്ളറ്റ് ട്രെയിനിന്റെ നിർമാണ കരാറാണ് ബെമ്‌ൽ ആഗോള ടെൻഡറിലൂടെ വിദേശ കോർപറേറ്റ് കമ്പനികളെ മറികടന്നു നേടിയെടുത്തത്. ബുള്ളറ്റ് ട്രെയിൻ കോച്ചുകളുടെ നിർമാണം 2026 പൂർത്തിയാക്കാനാകുമെന്നാണ് ബെമ്‌ൽ മാനേജ്മെന്റ് റെയിൽവേക്കു നൽകിയ ഉറപ്പ്.

ബെംഗളൂരു, മൈസൂരു, കോളാർ ഖനി, പാലക്കാട് കഞ്ചിക്കോട് എന്നിങ്ങനെ 4 പ്ലാന്റുകളുള്ള ബെമ്‌ലിൽ, ബുള്ളറ്റ് ട്രെയിനുകളുടെ നിർമാണം എവിടെ തുടങ്ങുമെന്നതു സംബന്ധിച്ച് ഇതുവരെ ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടായിട്ടില്ല. എന്നാൽ നേരത്തെ ഒട്ടേറെ മെമു കോച്ചുകളും പാസഞ്ചർ കോച്ചുകളും നിർമിച്ചിട്ടുള്ള റെയിൽ ഡിഫൻസ് ഉപകരണങ്ങൾ നിർമിക്കുന്ന ബെമ്‌ലിന്റെ പാലക്കാട് കഞ്ചിക്കോട് പ്ലാന്റും ബുള്ളറ്റ് ട്രെയിൻ നിർമാണത്തിനു തിരഞ്ഞെടുത്തേക്കുമെന്നും സൂചനയുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അടുത്ത ദിവസങ്ങളിൽ പുറത്തു വിടുമെന്നാണ് ബെമ്‌ൽ മാനേജ്മെന്റ് അറിയിക്കുന്നത്. 8 കോച്ചുകളുള്ള 2 ബുള്ളറ്റ് ട്രെയിനുകൾ നിർമിക്കാനാണ് റെയിൽവേ ബെമ്‌ലിനു കരാർ നൽകിയിട്ടുള്ളത്.

മണിക്കൂറിൽ 250 കിലോമീറ്റർ മുതൽ 280 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കാൻ ഇതിനു കഴിയും. ഒരു ബുള്ളറ്റ് ട്രെയിൻ നിർമിക്കാൻ ഏകദേശം 200 മുതൽ 250 കോടി രൂപ ചെലവാണു പ്രതീക്ഷിക്കുന്നത്. നേരത്തെ വിദേശ രാജ്യങ്ങളിൽ നിന്നു ബുള്ളറ്റ് ട്രെയിൻ വൻ വില നൽകി ഇറക്കുമതി ചെയ്യാൻ വേണ്ടിയായിരുന്നു കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. ഇതിനിടെയിൽ ബെമ്‌ൽ വന്ദേ ഭാരത് സ്ലീപ്പർ കോച്ചുകൾ പകുതി വിലയ്ക്ക് ലോകോത്തര നിലവാരത്തിൽ നിർമിച്ചതിലൂടെ ബെമ്‌ലിന്റെ സാധ്യത വർധിച്ചു. കഴിഞ്ഞ മാസം ബെമ്‌ൽ ബെംഗളൂരു പ്ലാന്റിലാണ് രാജ്യത്തിന്റെ അഭിമാന പദ്ധതിയായ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ ഇന്ത്യൻ റെയിൽവേക്കു വേണ്ടി സ്വന്തമായി രൂപകൽപന ചെയ്ത് നിർമിച്ചു നൽകിയത്.

ചെന്നൈ മെട്രോ കോർപറേഷനു വേണ്ടി 210 മെട്രോ കോച്ചുകൾ നിർമിക്കാനുള്ള കരാറും ഈ മാസം ബെമ്‌ൽ സ്വന്തമാക്കിയിരുന്നു. ചെന്നൈ മെട്രോ കോച്ചുകൾ നിർമിക്കാൻ ആഗോള ടെൻഡറിൽ പങ്കെടുത്ത് വിദേശ കമ്പനികളെ പരാജയപ്പെടുത്തി 3087 കോടി രൂപയുടെ ഓർഡറുകളാണ് ബെമ്‌ൽ നേടിയത്. 2023, 24 സാമ്പത്തിക വർഷം ബെമ്‌ൽ 4054 കോടി രൂപ വിറ്റുവരവും 283 കോടി രൂപ ലാഭവും നേടി. എന്നാൽ ഈ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ കാര്യക്ഷമതയില്ലെന്ന തെറ്റായ വാദവുമായി ബെമ്‌ൽ സ്വകാര്യവൽക്കരണ നടപടികളുമായി മുന്നോട്ടു പോവുന്നത്. ബെമ്‌ൽ സ്വകാര്യവൽക്കരണത്തിനെതിരെ തൊഴിലാളികളുടെ അനിശ്ചിതകാല സമരം 1348 ദിവസം പിന്നിട്ടു കഴിഞ്ഞു

# ആവേശം, തിരിച്ചടിച്ച് വിജയം നേടി ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** കൊൽക്കത്തൻ കരുത്തരായ ഈസ്റ്റ് ബംഗാളിനെ 21ന് തുരത്തി കേരള ബ്ലാസ്റ്റേഴ്സ് ഐഎസ്എൽ പതിനൊന്നാം സീസണിൽ ആദ്യജയം സ്വന്തമാക്കി. ഒരു ഗോളിന് പിന്നിട്ടുനിന്ന ശേഷമായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ജയം. 88ാം മിനിറ്റിൽ ക്വാമി പെപ്രയാണ് വിജയഗോൾ നേടിയത്. നോഹ സദൂയിയും ബ്ലാസ്റ്റേഴ്സിനായി ലക്ഷ്യം കണ്ടു.

നാല് മാറ്റങ്ങളായിരുന്നു ബ്ലാസ്റ്റേഴ്സ് നിരയിൽ. മധ്യനിരയിൽ വിബിൻ മോഹനനും ഡാനിഷ് ഫാറൂഖുമെത്തി. മുന്നേറ്റത്തിൽ ജീസസ് ജിമെനെസുമെത്തി. പ്രതിരോധത്തിൽ ഹുയ്ദ്രോം നവോച സിങ്. പഞ്ചാബ് എഫ്സിക്കെതിരെ കളിച്ച മുഹമ്മദ് സഹീഫ്, മുഹമ്മദ് ഐമൻ, ക്വാമി പെപ്ര, ഫ്രെഡി ലല്ലാംമാവ്മ എന്നിവർ പുറത്തിരുന്നു. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ് തുടർന്നു. പ്രതിരോധത്തിൽ മിലോസ് ഡ്രിൻസിച്ച്, സന്ദീപ് സിങ്, പ്രീതം കോട്ടൽ. മധ്യനിരയിൽ അലെക്സാൻഡ്രേ കൊയെഫും മുന്നേറ്റത്തിൽ കെപി രാഹുലും നോഹ സദൂയിയും തുടർന്നു. ഈസ്റ്റ് ബംഗാൾ വലയ്ക്ക് മുന്നിൽ പ്രഭ്സുഖൻ സിങ് ഗിൽ. പ്രതിരോധത്തിൽ അൻവർ അലി, മുഹമ്മദ് റാകിപ്, ഹെക്ടർ യൂസ്തെ, മാർക് സൊതാൻപുയ. മധ്യനിരയിൽ സോൾ ക്രെസ്പോ, നന്ദകുമാർ, മാദിഹ് തലാൽ, ജീക്സൺ സിങ്. മുന്നറ്റത്തിൽ ദിമിത്രിയോസ് ഡയമന്റാകോസും മഹേഷ് സിങ്ങും അണിനിരന്നു.

കളിയുടെ തുടക്കത്തിൽ ബ്ലാസ്റ്റേഴ്സ് ആധിപത്യത്തോടെ പന്ത് തട്ടി. ആറാം മിനിറ്റിൽ രാഹുലിന്റെ ഇടതുഭാഗത്തുനിന്നുള്ള ക്രോസ് കൃത്യമായി ബോക്സിൽ എത്തിയെങ്കിലും ഈസ്റ്റ് ബംഗാൾ പ്രതിരോധം കോർണർ വഴങ്ങി അപകടമൊഴിവാക്കി. എട്ടാം മിനിറ്റിലായിരുന്നു ഒന്നാന്തരം നീക്കം. ഇടതുവശത്ത് സദൂയ് തുടങ്ങിയ നീക്കം ബോക്സിന് മുന്നിൽ ഡാനിഷ് ഏറ്റുവാങ്ങി ജിമിനെസിന് കൈമാറി. ജിമിനെസിന്റെ വലംകാൽ ഷോട്ട് വലതുപോസ്റ്റിൽ തട്ടിത്തെറിച്ചു.

മറുവശത്ത് ഈസ്റ്റ് ബംഗാൾ നീക്കങ്ങളെ കോട്ടലും ഡ്രിൻസിച്ചും ഉൾപ്പെടെയുള്ള പ്രതിരോധം കൃത്യമായി തടഞ്ഞു. ഇതിനിടെ നന്ദകുമാറിന്റെയും തലാലിന്റെയും ക്ലോസ് റേഞ്ചിൽ വച്ചുള്ള ഗോൾ ശ്രമങ്ങളെ സച്ചിൻ സുരേഷ് തകർപ്പൻ സേവുകളിലൂടെ തടയുകയും ചെയ്തു. 32ാം മിനിറ്റിൽ ബോക്സിൽനിന്നുള്ള മഹേഷ് സിങ്ങിന്റെ കരുത്തുറ്റ ഷോട്ടിനെ കാലുകൊണ്ട് തടുത്തിട്ട സച്ചിൻ തൊട്ടടുത്ത മിനിറ്റിൽ ക്രെസ്പോയുടെ ഷോട്ടും പിടിച്ചെടുത്തു. 39ാം മിനിറ്റിൽ സന്ദീപ് സിങ്ങിന്റെ മനോഹരമായ ക്രോസ് ബോക്സിലേക്ക് പറന്നെങ്കിലും ക്ലോസ് റേഞ്ചിലുണ്ടായിരുന്ന രാഹുലിന് തലവയ്ക്കാനായില്ല. ആദ്യപകുതി ഗോളില്ലാതെ അവസാനിച്ചു.

ഇടവേളയ്ക്കുശേഷം നോഹയുടെ ക്രോസുകൾ ഈസ്റ്റ് ബംഗാൾ പ്രതിരോധത്തെ കാര്യമായി പരീക്ഷിച്ചു. ഇതിനിടെ പി വി വിഷ്ണുവിലൂടെ ഈസ്റ്റ് ബംഗാൾ ലീഡ് നേടി. സന്ദീപ് സിങ്ങിൽനിന്ന് പന്ത് റാഞ്ചിയ നന്ദകുമാർ ഡയമന്റാകോസിന് പാസ് നൽകി. ഡയമന്റാകോസ് വിഷ്ണുവിലേക്ക്. സച്ചിൻ സുരേഷിന് വിഷ്ണുവിനെ തടയാനായില്ല. ആ ഗോൾ ബ്ലാസ്റ്റേഴ്സിനെ ഉണർത്തി. ഉടൻതന്നെയായിരുന്നു തിരിച്ചടി. ഗോൾ വഴങ്ങി നാല് മിനിറ്റിനുള്ളിൽ കിടിലൻ പ്രത്യാക്രമണം. ഇടതുപാർശ്വത്തിൽ നവോച്ച കുത്തിയിട്ടു നൽകിയ പന്തുമായി സദൂയ് വേഗത്തിൽ കുതിച്ചു. പ്രതിരോധ കളിക്കാരെ ഒന്നൊന്നായി വെട്ടിയൊഴിഞ്ഞു. ഒടുവിൽ ബോക്സിൽ കയറി ഈസ്റ്റ് ബംഗാൾ ഗോൾ കീപ്പർ ഗില്ലിന്റെ കാലുകൾക്കിടയിലൂടെ പന്ത് വലയിലേക്ക് തൊടുത്തു. ആരാധകർ കാത്തിരുന്ന നിമിഷം പിറക്കുകയായിരുന്നു. പിന്നാലെ മാറ്റങ്ങൾ വന്നു. സന്ദീപിന് പകരം മുഹമ്മദ് ഐമനും ഡാനിഷിന് പകരം അയ്ബൻബ ദോഹ്ലിങ്ങുമെത്തി. ക്വാമി പെപ്രയും മുഹമ്മദ് അസ്ഹറുമെത്തിയപ്പോൾ ജമിനെസും വിബിനും പിൻവാങ്ങി. 75ാം മിനിറ്റിൽ ഐമന്റെ ഷോട്ട് നേരിയ വ്യത്യാസത്തിൽ പുറത്തുപോയി. അവസാന മിനിറ്റുകളിൽ തകർപ്പൻ ആക്രമണക്കളിയാണ് ബ്ലാസ്റ്റേഴ്സ് പുറത്തെടുത്തത്. പെപ്രയും ഐമനും രാഹുലും സദൂയിയും ചേർന്ന് ഈസ്റ്റ് ബംഗാൾ പ്രതിരോധത്തെ വട്ടംകറക്കി. 88ാം മിനിറ്റിൽ വിജയഗോളെത്തി. ഈസ്റ്റ് ബംഗാളിന്റെ പ്രതിരോധപ്പിഴവ് മുതലെടുത്ത് രാഹുലാണ് തുടക്കംകുറിച്ചത്. രാഹുലിൽനിന്ന് ഐമനിലേക്ക്. ബോക്സിൽവച്ച് പെപ്ര പന്ത് നിയന്ത്രിച്ചു.





ഒട്ടും ധൃതി കാട്ടാതെ ഈ ഘാനൻ മുന്നേറ്റക്കാരൻ ഇടംകാൽ കൊണ്ട് പന്ത് അടിച്ചു. നിലംപറ്റിയ ഷോട്ട് വലയിൽകയറി. ആ ഗോൾ ആരാധകരുടെ ഹൃദയം കവർന്നു. തൊട്ടടുത്ത നിമിഷം കൊയെഫിന് പകരം ഫ്രെഡി കളത്തിലെത്തി. അവസാന നിമിഷംവരെ ആക്രമിച്ചുകളിച്ച ബ്ലാസ്റ്റേഴ്സ് അർഹിച്ച ജയവുമായാണ് മടങ്ങിയത്.

ഈ മാസം 29ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സിയുയാണ് അടുത്ത കളി. കൊച്ചിയിൽ ഒക്ടോബർ 25നാണ് അടുത്ത മത്സരം. ബംഗളൂരു എഫ്സിയെ നേരിടും.

# ബെംഗളൂരു നാഷണൽ ലോ സ്കൂളിൽ ജെഎസ്ഡബ്ല്യു അക്കാദമിക് ബ്ലോക്കിന് തറക്കല്ലിട്ടു

**ബെംഗളൂരു:** രാജ്യത്ത് നിയമവിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായി സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ധനഞ്ജയ യശ്വന്ത് ചന്ദ്രചൂഡ് കോർ അക്കാദമിക് ബ്ലോക്കിൻറെ സമഗ്രമായ പുനർവികസനത്തിനും വിപുലീകരണത്തിനും നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റിയിൽ (എൻഎൽഎസ്ഐയു) തറക്കല്ലിട്ടു. ഈ ബ്ലോക്കിന് ജെഎസ്ഡബ്ല്യു അക്കാദമിക് ബ്ലോക്ക് എന്ന് പേരിടും.



നിർദിഷ്ട പദ്ധതി പ്രകാരം നിലവിലുള്ള കെട്ടിടം ഒരു ബഹുനില കെട്ടിടമായി മാറ്റും. ഇതിൽ അത്യാധുനിക ലെക്ചർ തിയേറ്ററുകൾ, സെമിനാർ റൂമുകൾ, ഫാക്കൽറ്റി ഓഫീസുകൾ, സഹകരണ ഗവേഷണത്തിനുള്ള ഇടങ്ങൾ എന്നിവ ലഭ്യമാക്കും. ഈ നവീകരിച്ച അടിസ്ഥാന സൗകര്യങ്ങൾ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും മെച്ചപ്പെട്ട പഠന അന്തരീക്ഷവും, അതിവേഗം വികസിക്കുന്ന നിയമ മേഖലയിൽ വളരാനും സഹായിക്കും.

ജെഎസ്ഡബ്ല്യു ഗ്രൂപ്പിൽ നിന്നുള്ള ഗണ്യമായ സഹായധനം വഴിയാണ് ഈ പദ്ധതി. എൻഎൽഎസ്ഐയുവിൻറെ അക്കാദമിക് അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള വിശാലമായ സഹകരണത്തിൻറെ ഭാഗമാണിത്. അക്കാദമിക് ബ്ലോക്കിലെ പ്രവർത്തനങ്ങൾക്കും നിയമ മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും, അവസരങ്ങളും നേരിടാൻ രൂപകൽപ്പന ചെയ്തിട്ടുള്ള അത്യാധുനിക ഗവേഷണ കേന്ദ്രമായ 'ജെഎസ്ഡബ്ല്യു സെൻറർ ഫോർ ദ ഫ്യൂച്ചർ ഓഫ് ലോ' സ്ഥാപിക്കുന്നതിനും ധനസഹായം നൽകും. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഡിജിറ്റൽ സ്വകാര്യത, ഓട്ടോമേഷൻ, ഉയർന്നുവരുന്ന ഈ സാങ്കേതികവിദ്യകളുടെ ധാർമ്മിക പ്രത്യാഘാതങ്ങൾ തുടങ്ങിയ വിഷയങ്ങളിലുള്ള ഗവേഷണത്തിന് ഈ കേന്ദ്രം നേതൃത്വം നൽകും. നിയമപരമായ നിയന്ത്രണത്തിൻറെ പുതിയ മാതൃകകൾ വികസിപ്പിക്കുന്നതിനും അത്യാധുനിക നിയമ സാങ്കേതിക വിദ്യകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും അക്കാദമിക്, സർക്കാർ സ്ഥാപനങ്ങൾ, റെഗുലേറ്ററി അതോറിറ്റികൾ, സ്വകാര്യ മേഖല എന്നിവ തമ്മിലുള്ള സഹകരണം ഇത് പ്രോത്സാഹിപ്പിക്കും.

അറ്റോർണി ജനറൽ ആർ വെങ്കിട്ടരമണി, ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ മനൻ കുമാർ മിശ്ര, ജെഎസ്ഡബ്ല്യു ഫൗണ്ടേഷൻ ചെയർപേഴ്സൺ സംഗീത ജിൻഡാൽ, ജെഎസ്ഡബ്ല്യു സിമൻറ് & ജെഎസ്ഡബ്ല്യു പെയിൻറ്സിൻറെ മാനേജിംഗ് ഡയറക്ടർ പാർത്ത് ജിൻഡാൽ ഉൾപ്പെടെ നിരവധി വിശിഷ്ട വ്യക്തികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# റോട്ടറി ഫൗണ്ടേഷൻ മൾട്ടി ഡിസ്ട്രിക്ട് കോൺക്ലേവ് 24ന്

**കൊച്ചി:** റോട്ടറി ഇന്റർനാഷണൽ ഫൗണ്ടേഷൻ മൾട്ടി ഡിസ്ട്രിക്ട് കോൺക്ലേവ് സെപ്തംബർ 24ന് ഹോട്ടൽ ലെ മെറിഡിയനിൽ നടക്കും. അമേരിക്കയിൽ നിന്നും റോട്ടറി ഫൗണ്ടേഷൻ ട്രസ്റ്റി ചെയർമാനും റോട്ടറി ഇന്റർനാഷണൽ മുൻ പ്രസിഡന്റുമായ മാർക്ക് മലോണി മുഖ്യാതിഥിയായി പങ്കെടുക്കും. റോട്ടറി ഇന്റർനാഷനലിന്റെ അഞ്ചു ഡിസ്ട്രിക്ട് കൾ കൂടി നടത്തുന്ന സുപ്രധാന കോൺക്ലേവിൽ വിവിധ ഗ്ലോബൽ ഗ്രാന്റ് പ്രോജെക്റ്റുകൾ അവതരിപ്പിക്കും. റോട്ടറി ഫൗണ്ടേഷൻ വൈസ് ചെയർമാൻ ഡോ. ഭരത് പാണ്ഡ്യ, റോട്ടറി ഇന്റർനാഷണൽ ഡയറക്ടർ അനിരുദ്ധ് റോയ് ചൗധരി, റോട്ടറി ഇന്റർനാഷണൽ ഡയറക്ടർ ഇലക്ട് എം മുരുകാനന്ദൻ, റോട്ടറി ഇന്റർനാഷണൽ മുൻ ഡയറക്ടർ സി ഭാസ്കർ എന്നിവർ ചടങ്ങിൽ പങ്കെടുക്കുമെന്നു കോൺക്ലേവ് ചെയർമാൻ മുൻ ഡിസ്ട്രിക്ട് ഗവർണ്ണർ സുനിൽ സഖറിയ അറിയിച്ചു .

# അപേക്ഷാ തീയതി നീട്ടി

**കൊച്ചി:** ഒ.ബി.സി വിഭാഗം വിദ്യാർഥികൾക്ക് വിദേശ പഠനം നടത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 10 വരെ ദീർഘിപ്പിച്ചു. അപേക്ഷകൾ http://egratnz.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0479 2727379.

# വിവിധ ജില്ലകളിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു

**കൊച്ചി:** എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് (23.09.2024) കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. കേരള , കർണ്ണാടക , ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും (23.09.2024, 24.09.2024) മത്സ്യബന്ധനത്തിന് പോകാൻ പാടില്ലയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.






# ഉത്കർഷ് ബാങ്ക് ആലപ്പുഴയിലും പാലക്കാടും ഔട്ട്ലെറ്റുകൾ തുറന്നു

**പാലക്കാട്:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഎൽ) ആലപ്പുഴയിലും പാലക്കാടും പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്ത് ബാങ്കിന്റെ സാനിധ്യം വിപുലീകരിച്ചു. പുതിയ ഔട്ട്ലെറ്റുകൾ തുറന്നതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം ഒൻപതായി ഉയർന്നു. രാജ്യത്തുടനീളം 966 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഎലിനുള്ളത്.

ഞങ്ങളുടെ ബാങ്കിങ് ശൃംഖല കേരളത്തിലെ രണ്ട് ഊർജസ്വലമായ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് വിപുലീകരണത്തെക്കുറിച്ച് സംസാരിച്ച ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. മനോഹരമായ കായലുകൾക്കും കയർ വ്യവസായത്തിനും പേരുകേട്ട സ്ഥലമാണ് ആലപ്പുഴ, പാലക്കാട് സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും കൃഷിക്കും പേരുകേട്ട നാടും. ഈ ബാങ്കിങ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നത് സാമ്പത്തിക ഉൾപ്പെടുത്തൽ ഉയർത്തുന്നതിന് അവശ്യ ബാങ്കിങ് സേവനങ്ങൾ ആക്സസ് ചെയ്യുന്നതിൽ പ്രാദേശിക സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനുമുള്ള ഞങ്ങളുടെ ദൗത്യത്തിലെ ഒരു സുപ്രധാന ഘട്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് ബാങ്ക് വാഗ്ദാനം ചെയ്യുന്നു.

# ചാലക്കുടിയിൽ ജലസംഭരണിയിൽ ചോർച്ച: ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം മുടങ്ങി




**ചാലക്കുടി:** ജല അതോറിറ്റിയുടെ ഹൈ ലവൽ ശുദ്ധജല വിതരണ പദ്ധതിയുടെ ജലസംഭരണിയിലെ ചോർച്ചയെ തുടർന്നുള്ള അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജല വിതരണം തടസ്സപ്പെട്ടു. വിജയരാഘവപുരം, ഉറുമ്പൻകുന്ന് ഭാഗങ്ങളിലാണു രണ്ടു ദിവസമായി ജല വിതരണം മുടങ്ങിയത്. തുടർന്നു നഗരസഭ ടാങ്കറിൽ ശുദ്ധജലം എത്തിച്ചു വിതരണം ചെയ്തു. നഗരസഭയിലെ ഉയർന്ന പ്രദേശമായ താണിപ്പാറയിലാണു ജല അതോറിറ്റിയുടെ 2 ജലസംഭരണികളുള്ളത്. 29.5 ലക്ഷം ലീറ്റർ സംഭരണശേഷിയുള്ളതാണു സംഭരണി. ജലസംഭരണികൾ രണ്ടും അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥിതിയിലാണ്.

ചോർച്ചയെ തുടർന്ന് ഇവയിലൊന്നിന്റെ അറ്റകുറ്റപ്പണി രണ്ടാഴ്ചയായി നടത്തുന്നുണ്ട്.

നഗരസഭയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 12.98 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അതിൽ ഉൾപ്പെടുത്തിയാണു ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നത്. ഇതു കൂടാതെ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, ശുദ്ധജല പ്ലാന്റിന്റെ നവീകരണം, കൂടുതൽ ശുദ്ധജല കണക്ഷൻ നൽകൽ എന്നിവയും പദ്ധതിയിലുണ്ട്.ഇപ്പോൾ അറ്റകുറ്റപ്പണി നടത്തുന്ന ജലസംഭരണിയുടെ പണികൾ പൂർത്തിയായാൽ അടുത്തതിന്റെ പണികൾ തുടങ്ങും. രണ്ടു ജലസംഭരണിയുടെയും അറ്റകുറ്റപ്പണികൾ തീരുന്നതു വരെ ജലവിതരണത്തിൽ തടസ്സമുണ്ടാകാമെന്നാണു സൂചന.

നഗരസഭയിലെ പ്രദേശങ്ങളെ രണ്ടു ഭാഗമായി തിരിച്ചു രാവിലെയും വൈകിട്ടുമായി പൂർണമായി ശുദ്ധജലമെത്തിക്കാനാണു ശ്രമിക്കുന്നതെന്നു ജല അതോറിറ്റി അധികൃതർ വ്യക്തമാക്കി. അറ്റകുറ്റപ്പണി പൂർത്തിയാകും വരെ ജലസംഭരണികളിലൊന്ന് ഉപയോഗിക്കാനാകില്ലെങ്കിലും ജല വിതരണത്തെ അതു ബാധിക്കാതിരിക്കാനുള്ള ക്രമീകരണത്തിനാണു ശ്രമം.

വൈദ്യുതി മുടങ്ങുന്നതിനാൽ പമ്പിങ് തടസ്സപ്പെട്ടതു 2 ദിവസമായി ജലവിതരണത്തെ പ്രതികൂലമായി ബാധിച്ചെന്നും അധികൃതർ അറിയിച്ചു. അറ്റകുറ്റപ്പണി നടത്തുന്നതിനാൽ പൂർണ സംഭരണശേഷിയുടെ അളവിൽ ജലം പമ്പ് ചെയ്യാനാകാത്തതും പ്രശ്നമാണ്.



# കോവളത്തിന്റെ വികസനം: പ്രഖ്യാപിച്ച 93 കോടിരൂപയുടെ പദ്ധതി നടപ്പായില്ല

**കോവളം:** രാജ്യാന്തര വിനോദ സഞ്ചാര കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 93 കോടി രൂപയുടെ പദ്ധതി വർഷങ്ങളായിട്ടും നടപ്പായില്ല. പദ്ധതി നടപ്പാക്കാൻ ഭൂമി ലഭ്യമല്ലെന്നും ഇതു ലഭ്യമാക്കാനുള്ള ശ്രമത്തിലാണെന്നും ടൂറിസം അധികൃതർ. ഈ സർക്കാരിന്റെ തുടക്കത്തിലാണ് കോവളം തീരത്തിന്റെ വികസനവും നൂതന പദ്ധതികളും ഉൾപ്പെടുത്തി കിഫ്ബി ഫണ്ടുപയോഗിച്ചു സമഗ്ര വികസനം നടപ്പാക്കുമെന്ന പ്രഖ്യാപനം വന്നത്. നാലു വർഷമാകുമ്പോഴും പ്രഖ്യാപനങ്ങൾ കടലാസുകളിൽ തന്നെ.പ്രാഥമികാവശ്യ സൗകര്യങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യം പോലുമില്ലാത്ത ദുസ്ഥിതിയിലാണ് കോവളം.

കോവളത്തെ ഹവ്വാ, ഗ്രോവ്, ലൈറ്റ് ഹൗസ് ബീച്ചുകളെ കൂടാതെ അടിമലത്തുറ തീരത്തെയും ടൂറിസം മേഖലയാക്കുന്ന പദ്ധതികളുമുൾപ്പെട്ടതായിരുന്നു പ്രഖ്യാപനം.ഇതിൽ അടിമലത്തുറയിൽ പറഞ്ഞ ഫ്ലോട്ടിങ് ബ്രിജ് വർക്കലയിലേക്കു മാറ്റി.ലൈറ്റ് ഹൗസ് ചെറുമണൽ തീരങ്ങളെ ബന്ധിപ്പിച്ചു പറഞ്ഞിരുന്ന കണ്ണാടിപ്പാലവും ഇവിടെ നിന്നു ഒഴിവാക്കി.തീരസംരക്ഷണം ലക്ഷ്യമിട്ട് ഡയഫ്രംവാൾ, ബീച്ചുകളുടെ നവീകരണം, മലിന ജല സംസ്കരണ പ്ലാന്റ്,ടോയ്‌ലറ്റ് ബ്ലോക്ക്, സൗകര്യവികസനം എന്നിവയായിരുന്നു പ്രധാന പദ്ധതികൾ. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഡയറക്ടർ ഉൾപ്പെടെയുള്ള സംഘം സ്ഥലത്ത് എത്തി പഠനപരിശോധന നടത്തിയിരുന്നു. എന്നാൽ തുടർ നടപടികൾ ഉണ്ടായില്ല. ടൂറിസം സീസൺ നാളുകൾ അടുത്ത കോവളത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം സഞ്ചാരികളെ വല്ലാതെ വലയ്ക്കുകയാണ്.



# രാജ്യാന്തര തീരശുചീകരണ ദിനാചരണം: പുതുവൈപ്പ്, വളപ്പ് ബീച്ചുകൾ ശുചീകരിച്ചു

**എളങ്കുന്നപ്പുഴ:** രാജ്യാന്തര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജി,മിനിസ്ട്രി ഓഫ് എർത്ത് സയൻസസ് എന്നിവയുടെ നേതൃത്വത്തിൽ പുതുവൈപ്പ് ബീച്ച് ശുചീകരിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി,കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻസ് റ്റഡീസ്,തേവര സേക്രഡ് ഹാർട്ട് കോളജ്,സെന്റ് ആൽബർട്സ് കോളേജ്,ഇന്ത്യൻ കോസ്റ്റ് ഗാർഡ് കൊച്ചിയൂണിറ്റ്,ഹരിത കർമസേന,എളങ്കുന്നപ്പുഴ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയായിരുന്നു ശുചീകരണം. ബോധവൽക്കരണവും നടത്തി.

ബീച്ചുകളും തീരപ്രദേശങ്ങളും വൃത്തിയുള്ളതും സുരക്ഷിതവുമാക്കുക എന്ന മുദ്രാവാക്യം ഉയർത്തി നടത്തിയ ദിനാചരണം എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് ഉദ്ഘാടനം ചെയ്തു. ക്ഷേമസമിതി ചെയർമാൻ ലിഗീഷ് സേവ്യർ,അംഗം ജോയ്,ഐസിസി ചീഫ് കോഓർഡിനേറ്റർ ഡോ.കെ.റഷീദ്,പുതുവൈപ്പ് കോഓർഡിനേറ്റർ സി.വാസു,സിഎംഎൽആർഇ അണ്ടർ സെക്രട്ടറി പി.ജി.ധനേഷ്,എന്നിവർ നേതൃത്വം നൽകി.

കോസ്റ്റ് ഗാർഡ് കൊച്ചി യൂണിറ്റിൽ 200 അംഗങ്ങൾ,ഹരിത കർമസേനാംഗങ്ങൾ തുടങ്ങിയവരും പങ്കെടുത്തു. 300 മീറ്റർ വീതം നീളവും വീതിയുമുള്ള ബീച്ചിൽ നിന്ന് പ്ലാസ് റ്റിക് കുപ്പികൾ,വലക്കഷണങ്ങൾ, ചെരിപ്പുകൾ,മറ്റു അവശിഷ് ടങ്ങൾ തുടങ്ങി 750 കിലോഗ്രാം മാലിന്യം ശേഖരിച്ചു. പ്രാദേശിക ഭരണകൂടം നിർദേശിച്ച മാർഗ നിർദേശമനുസരിച്ച് ശേഖരിച്ച മാലിന്യങ്ങൾ സംഘം വേർതിരിച്ചു. അവ മാലിന്യ നിർമാർജന യാർഡിൽ കൊണ്ടുപോയി. എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക് ടർ വിദ്യ ഇതിനു മേൽനോട്ടം വഹിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

ഓച്ചന്തുരുത്ത് നിത്യസഹായമാതാപള്ളി മതബോധന വിഭാഗം നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ വളപ്പ് ബീച്ച് ശുചീകരിച്ചു. അസി.ഡയറക്ടർ ഫാ.എബിൻ വിവേര ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപകൻ പി.ടി.മൈക്കിൾ,അസി.പ്രധാനഅധ്യാപകൻ ഷാൽവിൻ മറ്റത്തിൽ,സെക്രട്ടറി സുസ്മി സുർജിത് എന്നിവർ പ്രസംഗിച്ചു. കോഓർഡിനേറ്റർമാരായ ജിൽഡാ ജയ്സൺ,അനിൽ കളരിക്കൽ, കലിസ്റ്റർ ഫിഗരേദോ,ജാല ഡേവിഡ് എന്നിവർ നേതൃത്വം നൽകി.



# അമൃതയിൽ ത്രിദിന ശിൽപശാല

**കൊച്ചി:** അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയുടെ നേതൃത്വത്തിൽ ത്രിദിന മാക്സിലോഫേഷ്യൽ പ്രോസ്റ്റോഡോണ്ടിക്സ് ശിൽപശാല അമൃത ആശുപത്രിയിൽ ആരംഭിച്ചു. കാൻസർ ബാധിച്ച് നഷ്ടമാകുന്ന മുഖത്തിന്റെ ഭാഗങ്ങൾ കൃത്രിമമായി നിർമിക്കുന്നതിനുള്ള നൂതന സംവിധാനങ്ങൾ എന്ന വിഷയത്തിലാണ് ശിൽപശാല.അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം നിർവഹിച്ചു. ഇന്ത്യൻ പ്രോസ്റ്റോഡോണ്ടിക്സ് സൊസൈറ്റി സംസ്ഥാനഘടകം പ്രസിഡണ്ട് ഡോ. പി. എൽ. രൂപേഷ്, അമൃത ആശുപത്രിയിലെ പ്ലാസ്റ്റിക് ആന്റ് റീ കൺസ്ട്രക്റ്റീവ് വിഭാഗം ചെയർമാൻ ഡോ. സുബ്രഹ്മണ്യ അയ്യർ, അമൃത സ്കൂൾ ഓഫ് ഡെൻഡിസ്ട്രി ചെയർമാൻ ഡോ. കെ. നാരായണൻ ഉണ്ണി, പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, വൈസ് പ്രിൻസിപ്പൽ ഡോ. എസ്. രാകേഷ്, പ്രോസ്റ്റോഡോണ്ടിക്സ് വിഭാഗം മേധാവി ഡോ. മഞ്ജു വിജയമോഹൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

തുടർന്ന് വിവിധ വിഷയങ്ങളിലായി വിദഗ്ധരുടെ നേതൃത്വത്തിൽ ചർച്ചകളും ക്ലാസുകളും നടന്നു. ധർവാട് എസ് ഡി എം കോളേജ് ഓഫ് ഡെൻഡിസ്ട്രിയിലെ പ്രൊഫസർ ഡോ. സത്യബോധ് എസ് ഗുട്ടാൽ, മുംബെ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിലെ പ്രൊഫസർ ഡോ. സന്ദീപ് ഗുരാവ്, ഡോ. പി. സി. ജേക്കബ്, അമൃത ആശുപത്രിയിലെ ഡോ. അർജുൻ കൃഷ്ണദാസ്, ഡോ. പ്രമോദ് സുഭാഷ്, ഡോ. വിനോദ് പി. നായർ, ഡോ. സുബ്രഹ്മണ്യ അയ്യർ, ഡോ. മഞ്ജു വിജയമോഹൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.ഇന്ത്യൻ പ്രോസ്റ്റോഡോണ്ടിക്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരിക്കുന്ന ശിൽപശാലയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡെന്റൽ സർജൻമാർ പങ്കെടുക്കുന്നുണ്ട്. ശിൽപശാല ഞായറാഴ്ച സമാപിക്കും.



# കുട്ടികൾക്കായി പെയിന്റിംഗ് മത്സരം നടത്തി ബി.എസ്.എൻ.എൽ

**കൊച്ചി :** ബി.എസ്.എൻ.എലിന്റെ ഇരുപത്തിയഞ്ചാമത് സ്ഥാപകദിന വാർഷികത്തോടനുബന്ധിച്ചു എറണാകുളം ബിസിനസ് ഏരിയയുടെ ആഭിമുഖ്യത്തിൽ അഞ്ചിനു നും 15 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി എറണാകുളം പനമ്പിള്ളി നഗറിലുള്ള റോട്ടറി ക്ലബ് ബാലഭവനിൽ വച്ച് പെയിന്റിംഗ് മത്സരം നടത്തി. ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സ് ജേതാവും മുൻ ഡൽഹി പോലീസ് ഓഫീസറും ആയ കാലിഗ്രാഫിസ്റ്റ് പി. പി .ശ്യാമളൻ മത്സരാർഥികളുമായി സംവദിച്ചു. ബി.എസ്.എൻ.എൽ എറണാകുളം ബിസിനസ് ഏരിയ പ്രിൻസിപ്പൽ ജനറൽ മാനേജർ വി.സുരേന്ദ്രൻ ഐ.ടി.എസ്വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു. പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ. ഫ്രാൻസിസ് ജേക്കബ്. ഐ. ടി. എസ്, സുകുമാരൻ എൻ. കെ. ഐ. ടി. എസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



# അനുമോദിച്ചു

**പഴങ്ങനാട് :** തൃശൂരിൽ വച്ച് നടന്ന കേരള സ്റ്റേറ്റ് പാര അത് ലറ്റിക് സ്വമ്മിംഗ് ചാമ്പ്യൻഷിപ്പിൽ 100 മീറ്റർ ഫ്രീ സ്റ്റൈൽഗോൾഡ് മെഡലും 100 മീറ്റർ ബാക് സ്റ്റോക്കിൽ ഗോൾഡ് മെഡലും 50 മീറ്റർ ബാക്ക് സ്റ്റോക്കിൽ ഗോൾഡ് മെഡലും നേടിയ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ നീലിമ ജിബിയെ ടന്റി 20 ഭാരവാഹികൾ അനുമോദിച്ചു.

# നോർത്ത്കേപ്പ് 4000 യാത്രയിലെ അനുഭവങ്ങൾ പങ്ക് വെച്ച് ജേക്കബും ഫെലിക്സും

**കൊച്ചി:** കേരളത്തിൽ നിന്നുള്ള സൈക്ലിസ്റ്റുകളായ ജേക്കബ് ജോയിയും ഫെലിക്സ് അഗസ്റ്റിനും ലോകത്തിലെ ഏറ്റവും കഠിനവും പ്രശസ്തവുമായ സൈക്ലിംഗ് ഇവന്റുകളിൽ ഒന്നായ നോർത്ത്കേപ്പ് 4000 അൾട്രാ എൻഡ്യൂറൻസ് സൈക്കിൾ സാഹസികത പൂർത്തിയാക്കി അഭിമാനകരമായ നേട്ടം കൈവരിച്ചു. യാത്രയിലുടനീളമുണ്ടായ അവിസ്മരണീയമായ അനുഭവങ്ങൾ ഇരുവരും പങ്ക് വച്ചു.

ഡിസംബർ 4, 5 തീയതികളിൽ നടക്കാനിരിക്കുന്ന ടൈക്കോൺ 2024 ന് മുന്നോടിയായി ടൈ കേരള സംഘടിപ്പിച്ച സെഷനിലാണ് ഇരുവരുടെയും അവിശ്വസനീയമായ യാത്രയിലെ അനുഭവങ്ങൾ പങ്കിട്ടത്. ടൈക്കോൺ സമ്മേളനത്തിന് മുന്നോടിയായി ലീഡ് അപ്പ് ടൈക്കോൺ എന്ന പരമ്പരയിലൂടെ ഇത്തരം ആവേശകരമായ അനുഭവങ്ങൾ ചർച്ച ചെയ്യും.ടൈ കേരള പ്രസിഡൻറ് ജേക്കബ് ജോയ് ജാക്കോബി ചോക്കലേറ്റർ സ്ഥാപകനും; പ്രഗത്ഭമായ സംരംഭക കുടുംബത്തിലെ മൂന്നാം തലമുറയിലെ അംഗവുമാണ്. ഫെലിക്സ് അഗസ്റ്റിൻ, ഇൻവസ്റ്റ്മെന്റ് ബാങ്കർ, കോസ്റ്റ് അക്കൗണ്ടന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.ഏഴ് യൂറോപ്യൻ രാജ്യങ്ങളിലായി 4,168 കിലോമീറ്റർ പിന്നിട്ട് 20 ദിവസങ്ങൾ കൊണ്ട് നോർത്ത് കേപ്പ്4000 കീഴടക്കുന്ന ആദ്യ കേരളീയർ എന്ന നേട്ടവുമായാണ് ഇരുവരും മടങ്ങിയെ



ത്തിയത്.ഇറ്റലിയിൽ നിന്ന് ആരംഭിച്ച്, ഓസ്ട്രിയ, ജർമ്മനി, ഡെൻമാർക്ക്, സ്വീഡൻ, നോർവേ എന്നിവിടങ്ങളിലൂടെയാണ് ഇവർ യൂറോപ്പിന്റെ പ്രധാന ഭൂപ്രദേശത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള, ആർട്ടിക് സർക്കിളിന് 300 മൈൽ അപ്പുറമുള്ള നോർത്ത് കേപ്പിലേക്ക് എത്തിയത്. കഠിനമായ വഴികൾ പിന്നിട്ടാണ് സ്വപ്ന നേട്ടം കൈവരിച്ചതെന്ന് ഇരുവരും പറഞ്ഞു.

കുത്തനെയുള്ള കയറ്റങ്ങളിലൂടെയും, കഠിനമായ കാലാവസ്ഥയിലൂടെയും, ചരൽ റോഡുകളും ഉരുളൻ കല്ലുകൾ ഉള്ള ഭൂപ്രദേശങ്ങളിലൂടെയും സൈക്ലിംഗ് നടത്തിയത് മറക്കാനാവാത്ത അനുഭവമായിരുന്നുവെന്ന് ജേക്കബ് ഓർമ്മിക്കുന്നു. ആൻഡ്രിയ ടോസിയും ആൻഡ്രിയ ബോർച്ചിയും ചേർന്ന് സംഘടിപ്പിച്ച അൾട്രാ എൻഡ്യൂറൻസ് സൈക്കിൾ സാഹസികതയിൽ 45ലധികം രാജ്യങ്ങളിൽ നിന്നുള്ള സൈക്ലിസ്റ്റുകൾക്ക് ഒപ്പമാണ് ജേക്കബും ഫെലിക്സും പങ്കെടുത്തത്.കൊവിഡ്19 പോസിറ്റീവ് ആയതിനെ തുടർന്ന് ഒരു സഹ സൈക്ലിസ്റ്റ് പിൻവാങ്ങേണ്ടി വന്നതും ഒരു വിദൂര നഗരത്തിൽ പെഡൽ തകരാറിലായപ്പോൾ പ്രദേശവാസിയായ മാർട്ടിൻ അഭയം നൽകിയ രാത്രിയും ജേക്കബ് ഓർത്തെടുത്തു.'നരകത്തിന്റെ കവാടം' എന്ന് വിളിപ്പേരുള്ള 7 കിലോമീറ്റർ ദുർഘടമായ തുരങ്കത്തിലൂടെ സഞ്ചരിച്ചതും കഠിനമായ ഇറക്കവും കയറ്റവും ഉൾപ്പെടെയുള്ള പ്രതികൂല നിമിഷങ്ങളെ മറികടന്നതും ഫെലിക്സ് പങ്ക് വെച്ചു. ഭൂപ്രകൃതിയുടെ ഭംഗിയും അർദ്ധരാത്രി വെയിലിൽ സൈക്കിൾ ചവിട്ടിയതും മറക്കാനാവില്ലെന്നും ഫെലിക്സ് കൂട്ടിച്ചേർത്തു. സ്ഥിരോത്സാഹം, ആസൂത്രണം, ടീം വർക്ക്, അശ്രാന്ത പരിശ്രമം എന്നിവയുടെ പ്രചോദനകരമായ അനുഭവങ്ങളാണ്. 'യാത്ര ദുഷ്കരമായിരുന്നു, പക്ഷേ ഞങ്ങൾ നേടിയ ഓർമ്മകളും പാഠങ്ങളും ജീവിതകാലം മുഴുവൻ നിലനിൽക്കുമെന്നും ഫെലിക്സ് പറഞ്ഞു.ടൈക്കോൺ കേരള 2024 ചെയർമാനും വൈസ് പ്രസിഡന്റുമായ വിവേക് കൃഷ്ണ ഗോവിന്ദ്, വൈസ് പ്രസിഡന്റ് ജീമോൻ കോര എന്നിവർ സെഷനിൽ സംസാരിച്ചു.

# കോട്ടയം തപാൽ മേള ഇന്നുമുതൽ 28 വരെ

**കോട്ടയം:** തപാൽ മേള സെപ്റ്റംബർ 23 മുതൽ 28 വരെ. ഹ്രസ്വകാല പദ്ധതികൾ മുതൽ ദീർഘകാല നിക്ഷേപങ്ങൾ വരെ മാന്യമായ വരുമാനം വാഗ്ദാനം ചെയ്യുന്ന നിരവധി സ്കീമുകളാണ് ഇന്ത്യാ പോസ്റ്റ് ഉറപ്പു നൽകുന്നത്. അവയിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ടതാണ് സീനിയർ സിറ്റിസൺ സേവിംങ്സ് സ്കീം . മികച്ച റിട്ടേൺ ഉറപ്പു നൽകുന്ന പദ്ധതിയാണിത്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ, മുതിർന്ന പൗരന്മാർക്കായാണ് പോസ്റ്റ് ഓഫീസ് ഈ സ്കീം അവതരിപ്പിച്ചിരിക്കുന്നത്. അതായാത് 60 വയസോ അതിൽ കൂടുതലോ പ്രായമുള്ളവരെയാണ് നിക്ഷേപകർക്ക് ടഇടട യിൽ നിക്ഷേപകരായി സ്വീകരിക്കുന്നത്. നിങ്ങൾ വോളണ്ടറി റിട്ടയർമെന്റ് സ്കീം (വിആർഎസ്) തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഈ സ്കീമിൽ നിക്ഷേപിക്കാവുന്നതാണ്.

നിലവിൽ, സീനിയർ സിറ്റിസൺ സേവിംങ്സ് സ്കീമിലെ നിക്ഷേപങ്ങൾക്ക് 8.2 ശതമാനം പലിശയാണ് നൽകുന്നത്. ഒറ്റത്തവണ നിക്ഷേപം നടത്തേണ്ട




തിനാൽ അടുത്തിടെ വിരമിച്ചവർക്കുള്ള ഈ സ്കീം വളരെ അനുയോജ്യമായിരിക്കും. കാലാവധി പൂർത്തിയാകുമ്പോൾ, നിക്ഷേപകർക്ക് നിക്ഷേപ തുകയും അതുവരെയുള്ള പലിശയും ലഭിക്കും. ഈ സ്കീമിൽ അക്കൗണ്ട് തുറക്കാൻ ഒരാൾക്ക് നിക്ഷേപിക്കേണ്ട ഏറ്റവും കുറഞ്ഞ തുക 1000 രൂപയാണ്.സീനിയർ സിറ്റിസൺ സേവിംങ്സ് അക്കൗണ്ടിൽ ഒരാൾക്ക് പരമാവധി 30 ലക്ഷം രൂപ വരെ നിക്ഷേപിക്കാം. കൂടാതെ, നിക്ഷേപകർക്ക് സീനിയർ സിറ്റിസൺ സേവിംങ്സ് സ്കീമിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി നിയമത്തിലെ സെക്ഷൻ 80 സി പ്രകാരം നികുതി ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. റിട്ടയർമെന്റ് ലൈഫിൽ ഒരു മികച്ച നിക്ഷേപം ആഗ്രഹിക്കുന്നവർ അനുയോജ്യമായ പദ്ധതിയായിരിക്കും സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം. സെപ്റ്റംബർ 23 മുതൽ കോട്ടയം പോസ്റ്റൽ ഡിവിഷനിൽ ആരംഭിക്കുന്ന സീനിയർ സിറ്റിസൺ സേവിംങ്സ് സ്കീം, MIS, TD മേള എല്ലാ നിക്ഷേപകരും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം പോസ്റ്റൽ സീനിയർ സുപ്രണ്ട് എസ്..സ്വാതി രത്ന അറിയിച്ചു.




# അക്കാഡമിക് മികവിൽ മാത്രം മാനേജ്മെന്റ് രംഗത്ത് വിജയിക്കില്ല

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി മാനേജ്മെന്റ് എക്സലൻസ് ത്രൂ മൈൻഡ് എഞ്ചിനീയറിംഗ് എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് മുൻ ഡെപ്യൂട്ടി ചെയർമാൻ ഡോ.സിറിൽ ജോർജ് മുഖ്യ പ്രഭാഷണം നടത്തി. അക്കാഡമിക് മികവോ ഏതെങ്കിലും മേഖലയിലെ മികവോ മാത്രം ഒരാൾ മാനേജ്മെന്റ് രംഗത്ത് വിജയിക്കണമെന്നില്ലെന്ന് സിറിൽ ജോർജ് പറഞ്ഞു. മറ്റുള്ളവരുടെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരാൾക്കേ മികച്ച മാനേജരാകാൻ കഴിയൂ. ഒരു മികച്ച മാനേജർ തന്റെ കഴിവ് പരമാവധി പ്രൊഫഷണലായി വിനിയോഗിക്കുകയും വേണം.ഒരു മാനേജർ തന്റെ കഴിവുകൾ മാത്രം തിരിച്ചറിഞ്ഞാൽ പോരാ, ടീം അംഗങ്ങളുടെ കഴിവുകളും സാധ്യതകളും തിരിച്ചറിയാൻ കഴിവുള്ളയാൾ കൂടിയാകണം. ജീവിത വിജയം നേടിയവരെല്ലാം അസാമാന്യ കഴിവുള്ളവരാണെന്ന തെറ്റിദ്ധാരണ മാറണമെന്നും സിറിൽ ജോർജ് പറഞ്ഞു. അവർക്ക് സാധിക്കുമെങ്കിൽ നമുക്കും കഴിയും എന്നത് മനസിലാക്കുന്നിടത്താണ് ഒരു നല്ല മാനേജരുടെ വിജയം. അക്കാദമിക്, പ്രൊഫഷണൽ രംഗത്ത് അത്ര ശോഭിക്കാതിരുന്നവർ കഠിനാധ്വാനത്തിലൂടെയും പ്രൊഫഷണലിസത്തിലൂടെയും വിജയം നേടിയതിനു നിരവധി ഉദാഹരണങ്ങളുണ്ട്. ഏത് മേഖലയിലായാലും പ്രായോഗിക സമീപനം സ്വീകരിക്കാൻ കഴിയണം. പഠനം പരിശീലനം പ്രൊഫഷണലിസം ചേർന്നാൽ ഏത് മേഖലയിലും വിജയിക്കാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ലേഖാ ബാലചന്ദ്രൻ, ബൈജു മാണി പോൾ എന്നിവർ പ്രസംഗിച്ചു.




# കോമറ്റ് ഇവി, ഇസഡ്.എസ് ഇവി മോഡലുകളിൽ ബാറ്ററി-അസ്-എ-സർവീസ് സ്കീമുമായി എം.ജി മോട്ടോർ ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ പാസഞ്ചർ ഇവി സെഗ്മെന്റിനെ പുനർനിർവചിക്കുന്നതിനുള്ള തുടർച്ചയായ ശ്രമത്തിൽ, തങ്ങളുടെ ജനപ്രിയ കോമറ്റ് ഇവി, ഇസഡ്.എസ് ഇവി മോഡലുകളിൽ റെന്റൽ സ്കീമിൽ ബാറ്ററിയുമായി (ബാറ്ററി-അസ്-എ-സർവീസ്) ജെ.എസ്.ഡബ്ല്യു എം.ജി മോട്ടോർ ഇന്ത്യ. ഈയടുത്ത് പുറത്തിറങ്ങിയ എം.ജി വിൻഡ്സറിലാണ് ആദ്യമായി റെന്റൽ സ്കീമിൽ ബാറ്ററി എന്ന ആശയം അവതരിപ്പിച്ചത്. ഈ സ്കീമിന് കീഴിൽ, എം.ജി കോമറ്റ് 4.99 ലക്ഷം രൂപ മുതൽ വിലയ്ക്കും, കിലോമീറ്ററിന് 2.5 രൂപ ബാറ്ററി വാടകയ്ക്കും ലഭ്യമാണ്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഇലക്ട്രിക് ഇന്റർനെറ്റ് എസ്.യു.വിയായ ഇസഡ്.എസ് ഇവി 13.99 ലക്ഷം രൂപ മുതൽ വിലയ്ക്കും, കിലോമീറ്ററിന് 4.5 രൂപ ബാറ്ററി വാടകനിരക്കിലും ലഭ്യമാണ്. പുതിയ ഉടമസ്ഥാവകാശ മാതൃക രാജ്യത്ത് ഇലക്ട്രിക് വാഹന ഉപയോഗം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് ജെ.എസ്.ഡബ്ല്യു എം.ജി മോട്ടോർ ഇന്ത്യ ചീഫ് കൊമേഴ്സ്യൽ ഓഫീസർ സതീന്ദർ സിംഗ് ബജ്വ പറഞ്ഞു.ബജാജ് ഫിൻസേർവ്, ഹീറോ ഫിൻകോർപ്പ്, ഇക്കോഫി ഓട്ടോവെർട്ട് തുടങ്ങിയ ഫിനാൻസ് പാർട്ണറുമാരുടെ ശക്തമായ പിന്തുണയും ഈ സ്കീമിനുണ്ട്. ഈ പങ്കാളിത്തം രാജ്യത്തെങ്ങുമുള്ള ഉപഭോക്താക്കൾക്ക് ഇലക്ട്രിക് വാഹങ്ങളിലേക്കുള്ള മാറ്റം കൂടുതൽ എളുപ്പമാക്കുന്നു. വിശാലമായൊരു ഇന്റീരിയറും ഒതുക്കമുള്ള എക്സ്റ്റീരിയറും കൂടിച്ചേർന്ന ഒരു ഇലക്ട്രിക് വാഹനമാണ് എം.ജി കോമറ്റ് ഇവി. ഒറ്റ ചാർജിൽ 230 കിലോമീറ്റർ വരെ റേഞ്ച് വാഗ്ദാനം ചെയ്യുന്ന ഈ വാഹനം, റോഡിലെ വളവുകളിൽ ഡ്രൈവർക്ക് അസാമാന്യ നിയന്ത്രണം നൽകുന്നു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഇലക്ട്രിക് ഇന്റർനെറ്റ് എസ്.യു.വിയായ ഇസഡ്.എസ് ഇവിയിൽ മണിക്കൂറിൽ 50 കിലോവാട്ട് പവർ നൽകുന്ന ബാറ്ററി പായ്ക്കാണ് സജ്ജീകരിച്ചിരിക്കുന്നത്, കൂടാതെ ഒറ്റ ചാർജിൽ 461 കിലോമീറ്റർ വരെ റേഞ്ചും ഉറപ്പ് നൽകുന്നു.



# കൊച്ചിയിൽ കിസ്ന ഡയമണ്ട് ആന്റ് ഗോൾഡ് ജ്വല്ലറി ഷോറൂം

**കൊച്ചി:** രാജ്യത്തെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പുകളിലൊന്നായ കിസ്ന ഡയമണ്ട് ആന്റ് ഗോൾഡ് ജ്വല്ലറി കൊച്ചിയിൽ തങ്ങളുടെ ആദ്യ എക്സ്ക്ലുസീവ് ഷോറൂം ഉദ്ഘാടനം ചെയ്തു. ഈ സംരംഭത്തിന് പിന്നിൽ കേരളത്തിലെ ഏറ്റവും ചലനാത്മകമായ വിപണയിൽ കിസ്നയുടെ റീട്ടെയ്ൽ സാന്നിധ്യം വർധിപ്പിക്കുന്നതിനൊപ്പം പ്രദേശത്ത് വർധിച്ചുവരുന്ന പ്രീമിയം ജ്വല്ലറി ആഭരണങ്ങളുടെ ആവശ്യകത നിർവഹിക്കുക എന്ന ലക്ഷ്യം കൂടിയുണ്ടെന്ന് കമ്പനി അറിയിച്ചു. ഇത് കൊച്ചിയിലെ ആദ്യ എക്സ്ക്ലുസീവ് ഷോറൂമും രാജ്യത്തെ 440മത് ഷോറൂമുമാണ്.ഉദ്ഘാടനം ആഘോഷമാക്കുന്നതിന്റെ ഭാഗമായി കിസ്ന #Abki_Baar_Aapke_Liye_Shop & വിൻ എ കാർ എന്ന ലക്കി ഡ്രോ ഉത്സവ ക്യാംപെയ്ൻ ഏർപ്പെടുത്തിയിട്ടുണ്ട്. 20,000 രൂപയോ അതിൽ കൂടുതലോ വില മതിക്കുന്ന ഡയമണ്ട് / പ്ലാറ്റിനം / സോളിറ്റയർ ആഭരണങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യവതിക്ക്/ഭാഗ്യവാന് കാർ സമ്മാനമായി ലഭിക്കും.സ്പാർക്ലിംഗ് കെ കെ വെഞ്ചേഴ്സുമായുള്ള പങ്കാളിത്തത്തിലൂടെ കേരളത്തിൽ തങ്ങളുടെ സാന്നിധ്യം വർധിപ്പിക്കുന്നത് ആഹ്ലാദകരമാണെന്ന് ഹരികൃഷ്ണ ഗ്രൂപ്പ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഘൻശ്യാം ധോലാകിയ പറഞ്ഞു. ഈ എക്സ്ക്ലുസീവ് ഷോറൂം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരുന്നതിന് തങ്ങളെ സഹായിക്കും. ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത ഷോപ്പിംഗ് അനുഭവമാണ് തങ്ങൾ വാഗ്ദാനം ചെയ്യുന്നത്. ഇന്ത്യയിലെ അതിവേഗം വളരുന്ന ആഭരണ ബ്രാൻഡായി മാറാൻ ലക്ഷ്യമിടുന്ന 'ഹർ ഘർ കിസ്ന' എന്ന തങ്ങളുടെ ആശയത്തെ ഈ പങ്കാളിത്തം സഹായിക്കുമെന്നുറപ്പുണ്ട്. ഇതിലൂടെ ഡയമണ്ട് ആഭരണങ്ങൾ സ്വന്തമാക്കുക എന്ന ഓരോ സ്ത്രീയുടെയും സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

## വനിതകൾക്കായി ഹാൻഡ്ബാഗ് സ്റ്റോർ തുറന്നു

**കൊച്ചി:** ടൈറ്റനിൽ നിന്നുള്ള പ്രീമിയം ഹാൻഡ് ബാഗ് ബ്രാൻഡ് ആയ എർത്ത് മുംബൈയിൽ തങ്ങളുടെ ആദ്യ എക്സ്ക്ലൂസീവ് ഷോറൂം ആരംഭിച്ചു. 50 പട്ടണങ്ങളിലെ 130 വൻ സ്റ്റോറുകളിലൂടേയും ഓൺലൈനിലൂടേയും ബ്രാൻഡ് അതിൻറെ സാന്നിധ്യം വിപുലമാക്കിക്കൊണ്ടിരിക്കുകയാണെന്ന് ടൈറ്റൻ കമ്പനി ഫ്രാഗ്രൻസ് ആൻറ് അസസ്സറീസ് വിഭാഗം സിഇഒ മനീഷ് ഗുപ്ത പറഞ്ഞു. എർത്ത് ബാഗുകൾക്ക് 90,000ത്തിൽ ഏറെ ഉപഭോക്താക്കളാണ് നിലവിലുള്ളത്. വനിതാ ഹാൻഡ് ബാഗ് വിഭാഗത്തിൽ 2023 മുതൽ 2028 വരെ പത്തു ശതമാനം സംയോജിത വാർഷിക വളർച്ചയുമായി 7500 കോടി രൂപയിലേക്കു വളരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനിതകളുടെ ഹാൻഡ് ബാഗ് മുതൽ വർക്ക് ബാഗ് വരെയുള്ള ടോൾ ടോട്ടേകളും ഷോൾഡർ ബാഗുകളും സ്ലിങുകളും ക്രോസ് ബോഡി ബാഗുകളും ക്ലച്ചുകളുടെ വോലെറ്റുകളും എല്ലാം അടങ്ങിയതാണ് എർത്തിൻറെ ഉത്പന്ന ശ്രേണിയെന്നും മനീഷ് ഗുപ്ത പറഞ്ഞു.

## സീരീസ് 4 ഹോം ലിഫ്റ്റുകളുമായി നിബവ്ലിഫ്റ്റ്സ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഹോം ലിഫ്റ്റ് ബ്രാൻഡായ നിബവ് ലിഫ്റ്റ്സ് അത്യാധുനിക സാങ്കേതിവിദ്യയോടു കൂടിയ സീരീസ് 4 ഹോം ലിഫ്റ്റുകൾ അവതരിപ്പിച്ചു. രൂപകൽപ്പനയിലും മികച്ച ഫീച്ചറുകളിലുമെത്തുന്ന സീരീസ് 4 ഹോം ലിഫ്റ്റുകൾ ഉപഭോക്തക്കൾക്ക് ആഡംബര അനുഭവം നൽകുന്നതാണ്. എഐ ക്യാബിൻ ഡിസ്പ്ലേ, സ്വയംപ്രവർത്തിക്കുന്ന എൽഒപി ഡിസ്പ്ലേ, സുഗമമായ ലാൻഡിങ് സാധ്യമാക്കുന്ന മികച്ച പ്രവർത്തന കാര്യക്ഷമതയുള്ള ലിഡാർ 2.0 ടെക്നോളജി തുടങ്ങിയവയുള്ള നിബവ് സീരീസ് 4 ലിഫ്റ്റുകൾ ഹോം എലിവേറ്റർ രംഗത്ത് വിപ്ലവമാണ്. മിഡ്നൈറ്റ് ബ്ലാക്ക് പതിപ്പിൽ ലഭിക്കുന്ന ഈ ലിഫ്റ്റ് ഏറ്റവും കൂടുതൽ വിശാലതയുള്ള എയർ ലിഫ്റ്റ് കൂടിയാണ്. ആംബിയന്റ് ലൈറ്റിങ്, ന്യൂസിലാൻഡ് വൂൾ കാർപ്പെറ്റ്, സ്റ്റാർലൈറ്റ് സീലിങ്, ലെതർ ഫിനിഷിലുള്ള ഇന്റീരിയർ എന്നിവയും ഈ ലിഫ്റ്റിന്റെ സവിശേഷതയാണെന്ന് നിബവ് ലിഫ്റ്റ്സ് സ്ഥാപകനും സിഇഒയുമായ വിമൽ ബാബു പറഞ്ഞു.

# മക്ഡൊണാൾഡ്സ് ചിക്കൻ ബർഗറും വെജ്ജി ബർഗറും അവതരിപ്പിച്ചു




**കൊച്ചി:** മക്ഡൊണാൾഡ്സ് ഇന്ത്യ (ഡബ്ല്യൂ ആൻഡ് എസ്) പ്രീമിയം ബർഗറുകളായ മക്രിസ്പി ചിക്കൻ ബർഗർ, ക്രിസ്പി വെജ്ജി ബർഗർ എന്നിവ ഇന്ത്യൻ ഔട്ട്ലെറ്റുകളിൽ അവതരിപ്പിച്ചു. ഇതിനകം ആഗോളതലത്തിൽ ചിക്കൻ ബർഗർ പ്രേമികളുടെ ഇഷ്ട വിഭവമായി മാറിയ മക്രിസ്പി ബർഗർ ഇന്ത്യയിൽ അവതരിപ്പിക്കുന്നതിനൊപ്പം മക്ഡൊണാൾഡ്സ് ചരിത്രത്തിലാദ്യമായി വെജിറ്റേറിയൻ ആസ്വാദകർക്കായി ക്രിസ്പി വെജ്ജി ബർഗർ എന്ന പുതിയ വിഭവവും അവതരിപ്പിച്ചു.

അന്താരാഷ്ട്ര തലത്തിൽ ഇതിനകം തരംഗമായി മാറിയ മക്രിസ്പി ചിക്കൻ ബർഗർ ഏറെ കാത്തിരിപ്പിനൊടുവിൽ ഇന്ത്യയിലെത്തുമ്പോൾ ലോകത്താദ്യമായി അവതരിപ്പിക്കപ്പെടുന്ന ക്രിസ്പി വെജ്ജി ബർഗറും ഔട്ട്ലെറ്റുകളിലെത്തിക്കഴിഞ്ഞു. മസിൽ ഭാഗത്ത് നിന്നെടുക്കുന്ന ചിക്കൻ ഉപയോഗിച്ച് തയ്യാറാക്കുന്ന മക്രിസ്പി ചിക്കൻ ബർഗറിനൊപ്പം പ്രീമിയം വാട്ടർ കട്ട് ഗ്ലേസ്ഡ് ബൺ, ഫ്രഷ് ലെറ്റിയൂസ്, ക്രീമി പെപ്പർ മയോ സോസ് എന്നിവ ലഭിക്കുന്നു . ക്രഞ്ചിയും,ആസ്വാദകരവുമായ ചിക്കൻ രുചി വാഗ്ദാനം ചെയ്യുന്ന ഈ ബർഗർ ഈ വിഭാഗത്തിൽ പുതിയൊരു ട്രെൻഡാണ് സ്ഥാപിക്കുന്നതെന്ന് വെസ്റ്റ് ലൈഫ് ഫുഡ് വേൾഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അക്ഷയ് ജതിയ പറഞ്ഞു.വെജിറ്റേറിയൻ ഉപഭോക്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ ക്രിസ്പി വെജിറ്റബിൾ ബർഗർ, വഴുതനങ്ങ, ചുവപ്പ്പച്ച കാപ്സിക്കം, ചോളം, മഞ്ഞപച്ച സുച്ചിനി, ഫ്രഞ്ച് ബീൻസ് എന്നിവയുൾപ്പെടെ ഏഴ് ഉയർന്ന നിലവാരമുള്ള പച്ചക്കറികളുടെ മിശ്രിതം ഉപയോഗിച്ചാണ് പാചകം ചെയ്യുന്നത്. വാട്ടർ കട്ട് ചെയ്ത ഗ്ലേസ്ഡ് ബണ്ണിനും രുചികരമായ കോക്കെയ്ൽ മയോ സോസിനുമൊപ്പം ലഭിക്കുന്ന ഈ ബർഗർ സവിശേഷമായ രുചിക്കൊപ്പം ക്രഞ്ചിയുമാണെന്നും അക്ഷയ് ജതിയ പറഞ്ഞു.



## ലൈലാക് ഹോട്ടൽസ് ഗുരുവായൂരിൽ

**തൃശൂർ:** താമര ലീഷർ എക്സ്പീരിയൻസിന് കീഴിലുള്ള ലൈലാക് ഹോട്ടൽ ഗുരുവായൂരിൽ തുറന്നു. കേരളത്തിൽ ലൈലാക് ഹോട്ടൽസിന്റെ ആദ്യത്തെ ഹോട്ടലും താമര ലീഷർ എക്സ്പീരിയൻസിന്റെ മൂന്നാമത്തെ പ്രോപ്പർട്ടിയുമാണിത്. ഗുരുവായൂർ ക്ഷേത്രത്തിന്റെ തെക്കേ നടയിൽ നിന്നും 550 മീറ്റർ ദൂരത്തിലാണ് ലൈലാക് ഹോട്ടൽ സ്ഥിതി ചെയ്യുന്നത്. സ്പിരിചൽ ടൂറിസം സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ക്ഷേത്രദർശനത്തിനായി എത്തുന്ന വിശ്വാസികൾക്ക് എല്ലാവിധ സൗകര്യങ്ങളും ഉറപ്പുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ലൈലാക് ഗുരുവായൂർ പ്രവർത്തനമാരംഭിച്ചിരിക്കുന്നതെന്ന് താമര ലീഷർ എക്സ്പീരിയൻസസിന്റെ സിഇഒയും ഡയറക്ടറുമായ ശ്രുതി ഷിബുലാൽ പറഞ്ഞു. മന്ത്രി എം.ബി. രാജേഷ് ലൈലാക് ഹോട്ടൽ ഗുരുവായൂരിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഗുരുവായൂർ നിയോജക മണ്ഡലം എം.എൽ.എ എൻ.കെ.അക്ബർ, ഗുരുവായൂർ മുനിസിപ്പാലിറ്റി ചെയർമാൻ എം.കൃഷ്ണദാസ്, ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ. വി.കെ.വിജയൻ, വാർഡ് കൗൺസിലർ ശോഭ ഹരിനാരായണൻ തുടങ്ങിയവരും പങ്കെടുത്തു.




# മാക്സ് ഫാഷൻ കൽക്കി കൊച്ച്ലിനുമായി സഹകരിക്കുന്നു

**കൊച്ചി:** ദുബായ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലാൻഡ്മാർക്ക് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള ജനപ്രീതിയാർജിച്ച ഫാഷൻ ബ്രാൻഡ് മാക്സ് ഫാഷൻ ബോളിവുഡ് താരവും സ്റ്റൈൽ ഐക്കണുമായ കൽക്കി കൊച്ച്ലിനൊപ്പം സഹകരിച്ച് പുതിയ ക്യാംപെയ്നുമായി രംഗത്ത്. 'ന്യൂ ന്യൂ യൂ' എന്ന പുതിയ ക്യാംപെയ്ൻ രാജ്യത്തുടനീളമുള്ള എല്ലാ മാക്സ് ഷോറൂമുകളിലും www.maxfashion.in. ഓൺലൈനിലും ആരംഭിച്ചുവെന്ന് മാക്സ് ഫാഷൻ മാർക്കറ്റിംഗ് മേധാവി പല്ലവി പാണ്ഡെ പറഞ്ഞു.ഉപഭോക്താക്കൾക്ക് കൂടുതൽ ആത്മവിശ്വാസവും സ്റ്റൈലും വാഗ്ദാനം ചെയ്യുന്ന ബ്രാൻഡ് വസ്ത്രങ്ങളാണ് മാക്സ് പുറത്തിറക്കുന്നത്.

ഉത്സവ സീസൺ, സുഹൃദ് സംഗമങ്ങൾ, കാഷ്വൽ വസ്ത്രങ്ങൾ തുടങ്ങി എല്ലാ വേളകൾക്കും ഇണങ്ങുന്ന സ്റ്റൈലും ആധുനികതയും ഒത്തുചേരുന്ന വസ്ത്രങ്ങളാണ് ക്യാപെയ്നിന്റെ ഭാഗമായി പുറത്തിറക്കുന്നതെന്ന് കമ്പനി വ്യക്തമാക്കുന്നു. ഫാഷൻ എന്നത് ഒരാളുടെ വ്യക്തിത്വ വികാസത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കുന്നുവെന്ന് കൽക്കി കൊച്ച്ലിൻ പറയുന്നു.

ഉപഭോക്താക്കൾക്കായി മൂല്യം, ഗുണനിലവാരം, പുതിയ ട്രെൻഡുകൾ പോലുള്ളവ നിരന്തരം ഉറപ്പാക്കുന്നതിലുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് മാക്സ് ഫാഷന്റെ വളർച്ചയ്ക്കും വിജയത്തിനും കാരണമായി നിലകൊള്ളുന്നതെന്ന് മാക്സ് ഫാഷൻ ഡെപ്യൂട്ടി സിഇഒ സുമിത് ചന്ദ്ന പറഞ്ഞു.

